മാർച്ച് 2007

For Private Circulation Only

# മനനം

മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ അൽമായ അസോസിയേഷൻ പ്രസിദ്ധീകരിക്കുന്നത്

മനനം

Vol. 1 No. 4

ഇബ്രാഹിംസ് ഇൻ,
പെരുന്ന,
ചങ്ങനാശേരി
പിൻ: 686 102

## റിട്രീറ്റ് ആവശ്യമായ സഭ

ഒരിക്കൽക്കൂടി 'മനനം' നിങ്ങളുടെ കരങ്ങളിൽ എത്തുകയാണ്. സഭ അപഥസഞ്ചാരം കൂടാതെ നടന്നു കാണാൻ ആഗ്രഹിക്കുന്ന നിസ്വാർത്ഥമതികളായ സഭാസ്നേഹികൾ നൽകിയ പ്രചോദനമാണ് ഇതിനു ഞങ്ങൾക്ക് ശക്തി നൽകിയത്.

കൺമുൻപിൽ കാണുന്ന കാര്യങ്ങളെ മുഖംനോക്കാതെ വിശകലനം ചെയ്ത് സഭാംഗങ്ങളുടെ അഭിപ്രായം ചോദിച്ചറിഞ്ഞ് ഭയം കൂടാതെ പറയുന്നതിന് ഞങ്ങൾ പരിശ്രമിക്കുന്നു. അഭിനന്ദനങ്ങളിൽ അഹങ്കരിക്കുകയോ പീഡനങ്ങൾക്കു മുൻപിൽ തലകുനിക്കുകയോ 'മനനം' ചെയ്യുകയില്ല. ധിഷണാശാലികളായ – അർപ്പണബോധവും ആത്മാർത്ഥതയും ഉണ്ടായിരുന്ന – അത്മായനേതൃത്വത്തിന്റെയും പ്രാർത്ഥനയുടെയും വിശുദ്ധജീവിതത്തിന്റെയും തീച്ചൂളയിൽ തങ്കകതിർ വീശിയ പരിശുദ്ധന്മാരായ പിതാക്കന്മാരുടെയും ജീവിതം ഊടും പാവും ആയി തീർന്നപ്പോൾ നമ്മൾ ഒരു സഭയായി.

മനുഷ്യനിൽ മാറ്റങ്ങൾ വരുത്തുവാൻ തന്റെ ഏകജാതനായ പുത്രനെ തന്നെ ദൈവം മനുഷ്യനായി അവതരിപ്പിച്ചു. നാം ഓരോരുത്തരുടെയും ജീവിതവുമായി ഇടപഴകി നമ്മിൽ ഒരുവനായി മാറിയ ആ രക്ഷകന്റെ മണവാട്ടിയാണ് സഭ. എന്നാൽ മനുഷ്യനിൽ നിന്ന് ആവുന്നിടത്തോളം അകന്നുനിൽക്കുവാനാഗ്രഹിക്കുന്ന ചിലരെ എങ്കിലും ഇന്ന് സഭയുടെ സിരാകേന്ദ്രങ്ങളിൽ കാണാം. സഭയും വിശ്വാസികളും തമ്മിൽ അകൽച്ചയുണ്ടാകുന്നതിന് ഇതു വഴിതുറന്നു. വിശ്വാസാചാരങ്ങൾക്ക് പുറംതിരിഞ്ഞ് സ്ഥാനമാനങ്ങൾ നേടിയെടുക്കുവാൻ അകത്തളങ്ങളിൽ കയറിപ്പറ്റിയ ഇത്തരക്കാരെ തിരിച്ചറിയുവാൻ കൂടിയുള്ള ബാദ്ധ്യത ഇന്ന് സഭാമക്കൾക്കുണ്ടായിരിക്കുന്നു. ആഗ്രഹിക്കാത്ത പലതിനെയും ആദരിക്കുവാൻ നമ്മൾ നിർബന്ധിതരായി. സ്നേഹമാണ് ദൈവം എന്ന പഠിപ്പിക്കൽ നാം മറന്നു. പരസ്പരം പടവെട്ടുന്നതും ഛിദ്രവാസനകൾ വളർത്തുന്നതുമാണ് സാത്താന്റെ അധിനിവേശ ലക്ഷണം. പ്രാർത്ഥിക്കുവാൻ സമയം ഇല്ലാതെ പോരാട്ടത്തിനു തന്ത്രങ്ങൾ മെനയുവാൻ തല പുകയ്ക്കുന്ന പിതാക്കന്മാർക്ക് എങ്ങനെ സഭയുടെ ദൗത്യം നേടിയെടുക്കുവാൻ കഴിയും. യുദ്ധത്തിനു നേതൃത്വം കൊടുക്കുന്നവർക്ക് മക്കളിൽ പോലും വിശ്വാസം അർപ്പിക്കുവാൻ കഴിയുകയില്ല. പുരയ്ക്കു തീ പിടിക്കുമ്പോൾ കഴുക്കോൽ ഊരാൻ തക്കം പാർത്തു വരുന്നവന്റെയും പിൻതുണ ഇവിടെ ആവശ്യമായി വരുന്നു.

മലങ്കരസഭ ഇന്ന് ഇത്തരം പ്രതിസന്ധികളിലല്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. വേദികളിലൊക്കെ കവികളുടെ സുന്ദരമായ പ്രകൃതിവർണ്ണനകൾ പോലെ നേട്ടങ്ങളെ നമുക്ക് പാടി പുകഴ്ത്താം. സത്യം എവിടെ നിൽക്കുന്നു? ഈ പുകമറയ്ക്കുള്ളിൽ എത്രകാലം സഭയെ കാത്തുസൂക്ഷിക്കാം?

തിരുവനന്തപുരത്തു നടന്നതും കവലകൾ തോറും നമ്മുടെ തിരുമേനിമാർ സമരാഹ്വാനം നടത്തിയതും അവിടെ മർദ്ദനമേറ്റവരെ ആദരിച്ചതും രക്തസാക്ഷികളാക്കി പ്രഖ്യാപിച്ചതും ഇന്നലെ. ആ ശബ്ദം അന്തരീക്ഷത്തിൽ തങ്ങിനിൽക്കുമ്പോൾ തന്നെ അതിനു നേതൃത്വം കൊടുത്ത ധീരന്മാർ വേഷം മാറിവന്ന് ആഹ്വാനം കേട്ട് ഓടി എത്തിയ സഭാമക്കളെ മദ്യപന്മാരും അക്രമികളുമായി ചിത്രീകരിക്കുന്നതു കാണുമ്പോൾ നാം അന്ധകാരത്തിൽ തന്നെ എന്നു തീർച്ച.

കർത്താവിന്റെ വചനങ്ങൾക്കായി ഹൃദയങ്ങളെ തുറക്കാം. ഒരു റിട്രീറ്റ് സഭയ്ക്ക് ആവശ്യമായിരിക്കുന്നു. ആ വഴിയിൽ അണിചേരുവാൻ സഭാമക്കൾക്കു കഴിയുന്നതിന് ശ്രമിക്കാം.

**ടി. ടി. ചാക്കോ വാഴൂർ** (എഡിറ്റർ)

# ബലത്തെ ബലഹീനതയാക്കാൻ മത്സരിക്കുന്ന ഓർത്തഡോക്സുകാർ

## ടി. പി. ജോർജുകുട്ടി

ഓർത്തഡോക്സ് സഭയ്ക്ക് 1995-ലെ കോടതി വിധി മുതൽ ഇന്നുവരെയുള്ള പരാജയങ്ങൾക്കും തിരിച്ചടികൾക്കും കാരണം ഒന്നുമാത്രം - ബലം നൽകേണ്ട കരങ്ങളെ നമ്മൾ തന്നെ ദുർബലമാക്കിയ ബുദ്ധിശൂന്യത.

വട്ടശ്ശേരിൽ തിരുമേനിയുടെ കാലം മുതൽ സഭയുടെ ശക്തി അത്മായ നേതൃത്വമായിരുന്നു. കാര്യക്ഷമതയുള്ള വൈദിക നേതൃത്വവും കർമ്മശേഷിയും ബുദ്ധി വൈഭവവും വിഭവശേഷിയും സഭാ സ്നേഹവും ഒത്തു ചേർന്ന അത്മായ നേതൃത്വവും ചേർന്നപ്പോൾ പലരും എഴുതിത്തള്ളിയിരു ന്ന 'മെത്രാൻ കക്ഷി' ഫിനിക്സ് പക്ഷിയേപ്പോലെ ചാരത്തിൽ നിന്ന് കുതി ച്ചുയർന്നു. ഇന്നു സഭയ്ക്ക് സാമ്പത്തികശേഷി വർദ്ധിച്ചപ്പോൾ കർമ്മശേ ഷിയുള്ള നേതൃത്വം ഉണ്ടാവുന്ന തിനു പല തടസ്സങ്ങളും ഉണ്ടായി. തങ്ങളു ടെ പ്രമാണിത്തം സഭയ്ക്ക് നൽകിയവരായിരുന്നു മുൻകാല നേതൃത്വം. മാമ്മൻമാപ്പിള, ജോൺ വക്കീൽ, ഒ. എം. ചെറിയാൻ, എം. എ. ചാക്കോ, എ. എം. വർക്കി എന്നു തുടങ്ങിയ മഹാരഥന്മാരുടെ ഒരു വലിയ നിരയാണ് ഈ സഭയെ ശക്തിപ്പെടുത്തിയത്. അവരെ ഉൾക്കൊള്ളുവാനും പ്രയോജനപ്പെടുത്തുവാനും വട്ടശ്ശേരിൽ തിരുമേനിക്കും പിൻഗാമികൾക്കും കഴിഞ്ഞിരുന്നു. സഭയ്ക്കു വേണ്ടി പ്രവർത്തിക്കുവാനും തന്ത്രജ്ഞതയോടെ ഭരണ രാഷ്ട്രീയ രംഗത്ത് ആവശ്യമായ സ്വാധീനം ചെലുത്തുവാനും കഴിവുള്ള അത്മായ നേതൃത്വം എക്കാല ത്തെയും പോലെ വർത്തമാനകാലത്തും സഭയ്ക്കുള്ളിലുണ്ട്. എന്നാൽ അവരെ പ്രയോജനപ്പെടുത്തുവാൻ സഭയ്ക്ക് സാധിക്കുന്നില്ല എന്നു മാത്രമല്ല അവരുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുവാനും മനോവീര്യം തകർക്കാനും നമ്മുടെ ചില മെത്രാന്മാരും വൈദികരും ശ്രമിച്ചുകൊണ്ടിരിക്കുന്നു. പാത്രിയർക്കീസ് വിഭാഗം കാണിക്കുന്ന തന്ത്രജ്ഞത തിരിച്ചറിയാൻ നമ്മുടെ നേതൃത്വത്തിനു കഴിയുന്നില്ല. നമ്മുടെ നേതൃത്വം പ്രകടിപ്പിക്കുന്ന ബുദ്ധിശൂന്യത നമ്മെ ഞെട്ടിപ്പിക്കുവാൻ പോന്നതാണ്.

പൊതു രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഈ ആധുനിക കാലത്ത് വള രെ കരുതലും തന്ത്രജ്ഞതയും ആവശ്യമുണ്ട്. രാഷ്ട്രീയമായാലും ബിസിനസ് ആയാലും നിലനില്പിനുവേണ്ടിയുള്ള പോരാട്ടത്തിനിടെ, അന്ധമായ സഭാഭക്തിയൊന്നും വിവാദ വിഷയങ്ങൾ വരുമ്പോൾ പലർക്കും പ്രകടിപ്പിക്കാനാവുകയില്ല. എന്നാൽ ഈ വ്യക്തികളുടെ കരുത്തും കരുതലും എ പ്പോഴും സഭയ്ക്കൊപ്പം ഉണ്ടാവുകയും ചെയ്യും. മുൻകാലങ്ങളിൽ സഭ പ്രായോഗികമായി വിജയിച്ചു നിന്നത് സഭാ സ്നേഹികളായ ഇത്തരം മഹദ് വ്യക്തികളുടെ സമയോചിതമായ ഇടപെടലുകൾ കൊണ്ടായിരുന്നു.

ഓർത്തഡോക്സ് സഭയെ ദുർബലപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന ശക്തികൾ ആദ്യം ചെയ്യുവാൻ ആഗ്രഹിക്കുന്നത് സഭയുടെ അത്മായ ശക്തി ദുർഗ്ഗങ്ങളെ നിർവീര്യമാക്കുവാനാണ്. അതിനുള്ള വ്യക്തമായ പദ്ധതി അവർ തയാറാക്കി തന്ത്രപൂർവം കരുക്കൾ നീക്കിയപ്പോൾ ഓർത്തഡോക്സ് പക്ഷത്തെ തീവ്രവാദികൾ എന്ന പേര് ആഗ്രഹിക്കുന്നവർ അതിന് വിധേയരായി ആ ചുമതല നിർവഹിക്കുവാൻ തയാറായി വന്നത് ദയനീയമായ കാര്യമായിരുന്നു.

ചില ഉദാഹരണങ്ങൾ മാത്രം പറയാം. തൃക്കുന്നത്തു സെമിനാരിയിൽ പ്രവേശനം ആഗ്രഹിച്ച യാക്കോബായ വിഭാഗത്തിന്റെ യഥാർത്ഥ തടസ്സം ആരായിരുന്നു? മുപ്പതിലധികം വർഷങ്ങൾ മണ്ണാറപ്രായിൽ അച്ചന്റെ നിയന്ത്രണത്തിൽ നിന്നപ്പോൾ അത് യാക്കോബായ പക്ഷത്തിന് കയറാൻ കഴിയാത്ത ഒരിടമായിരുന്നു. മണ്ണാറപ്രായിൽ അച്ചനെ വീഴിക്കാതെ മുന്നോട്ടു പോവാൻ കഴിയില്ല എന്നു ബോദ്ധ്യപ്പെട്ടവർ അതിനുള്ള കരുക്കൾ നീക്കി. അദ്ദേഹത്തിനെതിരെ വില കുറഞ്ഞ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഓർത്തഡോക്സുകാരുടെ ലേബലിൽ ഏതാനും ആളുകൾ കോട്ടയത്തു വന്നു സമരമുഖം തുറന്നു. ആ സമരമുഖത്ത് അവർ ലക്ഷ്യം വച്ചത് മണ്ണാറപ്രായിൽ അച്ചനെ മാത്രമല്ല. ഒരേസമയം ഉമ്മൻചാണ്ടിയേയും മനോരമയേയും ആക്ഷേപിച്ചുകൊണ്ടവർ കലിതുള്ളി.

തൊണ്ണൂറുകാരൻ മനോരമ പത്രാധിപരെ തടഞ്ഞുനിർത്തി ചീത്ത വിളിക്കാൻ അവർക്കു മടിയുണ്ടായില്ല. ഉമ്മൻ ചാണ്ടിയെ വിളിക്കാത്ത ചീത്തയുമില്ല. അതിനു സ്തുതി പാടാൻ രാഷ്ട്രീയ ഭിക്ഷാംദേഹികളുടെ വിടുപണിക്കാരായ ചില പുരോഹിതന്മാരും മെത്രാന്മാരും രംഗത്തെത്തി. ഒടുവിൽ എന്തു സംഭവിച്ചുവെന്നു നമുക്കറിയാം. മണ്ണാറപ്രായിൽ അച്ചൻ പുറത്തു പോയി. ആ വിടവിലൂടെ മറുപക്ഷത്തിനു അകത്തു കടക്കുവാൻ ഒരു ബുദ്ധിമുട്ടും വന്നില്ല. ഒപ്പം ഉമ്മൻ ചാണ്ടിയും കെ. എം. മാത്യുവും സഭാ ദ്രോഹികളുമായി. ഇങ്ങനെ ഒരേസമയം മലങ്കരസഭയുടെ ശക്തി ചോർത്തി തങ്ങളുടെ ഇംഗിതം നടപ്പാക്കുവാൻ തന്ത്ര വിദഗ്ദ്ധർക്കു കഴിഞ്ഞപ്പോൾ ഓർത്തഡോക്സ് വിഭാഗം ജനങ്ങൾ സത്യമേത് മിഥ്യയേത് എന്നറിയാതെ ഇരുട്ടിൽ തപ്പുകയായിരുന്നു. ഇന്നും നമുക്കതിൽ നിന്നു പുറത്തുവരാൻ കഴിയുന്നില്ല.

ആലുവായിലെ സ്ഥിതി മാത്രമല്ല ഇത്. കടമറ്റത്തും കോലഞ്ചേരിയിലും ഓർത്തഡോക്സ് പക്ഷത്തിനു പൂർണ നിയന്ത്രണം ലഭിച്ച സമയമുണ്ടായിരുന്നു. പാത്രിയർക്കീസ് വിഭാഗക്കാർ അൻപേ അടിയറവു പറഞ്ഞ ആ കാലഘട്ടത്തിൽ പള്ളിഭരണം നിർവഹിച്ചിരുന്നവരെ പുറത്താക്കുവാൻ ഉന്നതവൃത്തങ്ങളിൽ നിന്നുണ്ടായ നീക്കമാണ് ഭിന്നിപ്പിനുള്ള വഴി തെളിച്ചതും പിന്നീട് പള്ളികൾ കൈവിട്ടുപോകാനും ഇടയാക്കിയത്. ഓരോ തവണയും, വർഷങ്ങളായി സഭയോടൊപ്പം നിന്നവരെ അകറ്റാനും ഭദ്രാസന ഭരണകർത്താക്കൾ തുനിഞ്ഞു. മണ്ണാറപ്രായിൽ അച്ചനും പൈലിപ്പിള്ളയും മാത്രമല്ല സഭയ്ക്ക് ശക്തിപകർന്ന പലരെയും ദീർഘവീക്ഷണമി

# മതോപദേശ സാരം അടിസ്ഥാനമാവട്ടെ

ഷാജി കോതാനിൽ

യോജിച്ച മലങ്കരസഭ, സഭയിലെ അനേകം സാധാരണക്കാരുടെ സ്വപ്നമായിരുന്നു. എന്നാൽ അതിനുള്ള സാദ്ധ്യതകൾ ദിനം പ്രതി കുറഞ്ഞു വരികയാണ്. ഇന്നലെ വരെ സമാധാനത്തെപ്പറ്റി സംസാരിച്ചിരുന്നവരും ഇന്ന് നിശബ്ദരാണ്.

വിശ്വാസത്തിലോ ആചാരത്തിലോ ജനങ്ങൾ തമ്മിലുള്ള പരസ്പര ബന്ധത്തിലോ ഇരു കൂട്ടരെയും അകറ്റി നിർത്തുന്ന ഒന്നുമില്ല. സാങ്കേതികമായ ചില പരാമർശങ്ങളോ, വിശേഷണങ്ങളോ വ്യത്യസ്തമാണെന്നല്ലാ തെ മൗലികമായ തടസ്സങ്ങളൊന്നും തന്നെ ഇരു വിഭാഗക്കാരും തമ്മിലില്ല.

അന്ത്യോഖ്യൻ പാത്രിയർക്കീസിനു യാതൊരു വ്യവസ്ഥകൾക്കും വിധേയമല്ലാതെയുള്ള കീഴ്പെടൽ വേണമെന്നു ഇന്ന് തീവ്രവാദികളായ അന്ത്യോഖ്യൻ ഭക്തർപോലും പറയുന്നില്ല. അന്ത്യോഖ്യയുമായി വ്യവസ്ഥകൾ എന്താവണമെന്നു തീരുമാനിക്കുക അത്ര ബുദ്ധിമുട്ടുമല്ല.

ഏറ്റവുമൊടുവിൽ കേൾക്കുന്ന നല്ല വാർത്ത വട്ടശ്ശേരിൽ തിരുമേനിയു ടെ 'മതോപദേശസാരങ്ങൾ' എന്ന പുസ്തകം യാക്കോബായ വിഭാഗം പ്രസിദ്ധീകരിക്കുകയും ഇംഗ്ലീഷിലേക്ക് പരിഭാഷ നടത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നുവെന്നതാണ്. വട്ടശ്ശേരിൽ തിരുമേനിയുടെ വിശ്വാസം ഏറ്റു പറയുന്നവരാണ് യാക്കോബായ വിഭാഗമെങ്കിൽ പിന്നെ ഐക്യത്തിനുള്ള തടസ്സം എവിടെയാണ്? വിശ്വാസപരമായി ചില വ്യാഖ്യാനങ്ങൾ, അടുത്ത കാലത്തെ കണ്ടെത്തലുകൾക്കൊണ്ട് വ്യത്യസ്തമായി വീക്ഷിക്ക പ്പെടുന്നുണ്ടാവാം. വേദശാസ്ത്രജ്ഞന്മാരായ മെത്രാന്മാരും പുരോഹിതരും അല്മായക്കാരും ഇരുവിഭാഗത്തുമുണ്ട്. അവർക്കു മതോപദേശ സാരത്തിൽ അംഗീകരിക്കാനാവാത്തത് എന്തെങ്കിലും ഉണ്ടോയെന്നു അന്വേഷിക്കുകയും തങ്ങളുടെ കണ്ടെത്തലുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യട്ടെ.

അങ്ങനെ വട്ടശ്ശേരിൽ തിരുമേനിയിൽ നിന്ന് ആരംഭിച്ചുവെന്നു പലരും കരുതുന്ന ഇന്നത്തെ ഭിന്നത വട്ടശ്ശേരിൽ തിരുമേനിയുടെ പുസ്തകത്തെ ആസ്പദമാക്കി തന്നെ അവസാനിക്കുമെങ്കിൽ അതിൽപ്പരം നല്ല കാര്യം എന്തുണ്ട്?

ഒരു കാര്യം സ്പഷ്ടമാണ്. മലങ്കരയിലെ ഒരു മെത്രാന് അന്ത്യോഖ്യായിലെ പാത്രിയർക്കീസ് ആവാമെന്ന വ്യവസ്ഥയോ, അതിനുള്ള സാദ്ധ്യതയോ ഇല്ല. അത് അന്ത്യോഖ്യൻ സഭയുടെ ഭരണ വ്യവസ്ഥയിൽ തന്നെയുണ്ട്. അന്ത്യോഖ്യൻ സഭയും ഇന്ത്യൻ സഭയും വ്യത്യസ്ത വ്യക്തിത്വമുള്ള സഭകളാണെന്നുള്ളതിന്റെ ഏറ്റവും ശക്തമായ തെളിവാണത്. ലോകത്തിലെ ഏതു കർദ്ദിനാളിനും റോമിലെ പാപ്പായാവാൻ അവകാശമുണ്ട്. അതിനുള്ള വ്യവസ്ഥയുണ്ട്. പ്രാതിനിധ്യമില്ലാത്ത പാർലമെന്റ് ചുമത്തുന്ന നികുതി തങ്ങൾ അടയ്ക്കുകയില്ല എന്ന ബ്രിട്ടീഷ് മേൽക്കോയ്മയ്ക്കുമേൽ അമേരിക്കൻ ജനത ഉയർത്തിയ സമര പ്രഖ്യാപനത്തെ ഇവിടെ സ്മരിക്കുക. മേൽക്കോയ്മയുടെ നിയമങ്ങൾ വ്യവസ്ഥാപിതമായും പൊതു ജനഹിതത്തിനു വിധേയമായും രൂപീകരിക്കപ്പെട്ടതല്ലെങ്കിൽ അത് അവസാനിക്കുക തന്നെ ചെ യ്യും എന്ന് തീവ്രചിന്താഗതിക്കാർ മനസ്സിലാക്കണം. ഓർത്തഡോക്സ് വിഭാഗം വേർപിരിഞ്ഞു പോയാൽ തന്നെയും യാക്കോബായ വിഭാഗത്തിനു അത് അനുഭവത്തിൽ വരാൻ ഏറെ നാൾ വേണ്ടി വരില്ല.

വട്ടശ്ശേരിൽ തിരുമേനിയുടെ പുസ്തകത്തിനു യാക്കോബായ വിഭാഗം നൽകുന്ന അംഗീകാരം കൂടുതൽ ചർച്ചകളിലേക്ക് നയിക്കുന്നത് ശുഭോദർക്കം തന്നെ.

---

ല്ലാത്ത പ്രവർത്തനങ്ങൾ വഴി സഭാ നേതൃത്വം അകറ്റുകയും ആ അവസ്ഥ പാത്രിയർക്കീസ് പക്ഷം പ്രയോജനപ്പെടുത്തുകയും ചെയ്തു.

ഏറ്റവുമൊടുവിൽ മലങ്കരസഭയെ പ്രാണനു തുല്യം സ്നേഹിക്കുന്ന പി. സി. അലക്സാണ്ടർ ചില പ്രായോഗിക നിർദ്ദേശങ്ങൾ വച്ചു. അലക്സാണ്ടറുടെ പേര് രാഷ്ട്രപതി സ്ഥാനത്തേക്കുയർന്നപ്പോൾ അത് തടയുവാൻ യാക്കോബായ വിഭാഗം പരസ്യമായി പ്രവർത്തിച്ചതും അതിന്റെയും പഴി ഓർത്തഡോക്സ് നേതൃത്വത്തെ ഏൽപ്പിച്ചതും ഇവിടെ വിസ്തരിക്കുന്നില്ല. അലക്സാണ്ടറുടെ നിർദ്ദേശങ്ങളോടു നമുക്കു യോജിക്കാനും വിയോജിക്കാനും അവകാശമുണ്ട്. എങ്കിലും അന്താരാഷ്ട്ര നയതന്ത്രരംഗത്തുവരെ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള അദ്ദേഹത്തിന്റെ വാക്കുകളെ അവഗണിക്കുവാൻ ഓർത്തഡോക്സുകാർക്കേ കഴിയൂ. എന്നാൽ അതിലപ്പുറം അദ്ദേഹത്തെ അധിക്ഷേപിക്കുന്നതിലാണ് ഇന്ന് ഓർത്തഡോക്സു തീവ്രവാദി വിഭാഗം സന്തോഷം കണ്ടെത്തുന്നത്.

അലക്സാണ്ടർ ശിവസേനക്കാരനാണെന്നും സഭാ കാര്യങ്ങളിൽ അഭിപ്രായം പറയാൻ അർഹനല്ലെന്നും ഒരു തീവ്രവാദി വിഭാഗം പത്രക്കുറിപ്പുകൾ പുറത്തിറക്കിയിരിക്കുന്നു. അതു കണ്ടപ്പോൾ മനസ്സിലായി ഈ തീവ്രവാദിവിഭാഗം പ്രവർത്തിക്കുന്നത് ആരുടെ അജൻഡ നടപ്പാക്കാനാ ണെന്ന്.

മലങ്കരസഭയ്ക്ക് നിർണായക സന്ദർഭങ്ങളിലൊക്കെയും നേതൃത്വം നൽ കുവാൻ തയാറായിട്ടുള്ള മക്കാറിയോസ് തിരുമേനിയെ ഈ തീവ്രവാദിവേദി ആക്ഷേപിച്ചു കടൽ കടത്തിയതു കൊണ്ട് ഉണ്ടായ നേട്ടത്തെപ്പറ്റി ഇന്ന് എല്ലാവർക്കുമറിയാം.

ഇനിയെങ്കിലും ഇത്തരം കൂലിയെഴുത്തുകാർ ഒന്നു മനസ്സിലാക്കണം. സഭാസ്നേഹം ആരുടെയും തറവാട്ടു സ്വത്തല്ല. ഈ സഭ നിലനിന്നു പോകുന്നതു ഈ സഭയെ സ്നേഹിക്കുന്ന അനേകരുടെ പ്രാർത്ഥനയാലാണ്, പ്രവർത്തികൾ കൊണ്ടാണ്, കരുതൽ കൊണ്ടാണ്. ഇക്കാര്യം ഇന്ന് യഥാർത്ഥ സഭാസ്നേഹികൾക്കെതിരെ അറിഞ്ഞും അറിയാതെയും ഒളിച്ചിരുന്ന് പക തീർക്കുന്നവർ മനസ്സിലാക്കണം. യഥാർത്ഥ സഭാസ്നേഹികളെ തൽക്കാലം നിങ്ങൾക്ക് നിശബ്ദരാക്കാൻ കഴിയും. എങ്കിലും അവർ തക്ക സമയത്ത് തങ്ങളെത്തന്നെ മറന്ന് വെളിപ്പെടുക തന്നെ ചെയ്യും.

**പ്രിയ പത്രാധിപർ,**

'യോജിക്കേണ്ടും സമയമിത്' എന്ന പേരിൽ നിങ്ങൾ പ്രസിദ്ധീകരിച്ച ലേഖനം എല്ലാ തരത്തിലും ഉചിതമായിട്ടുണ്ട്. കഴിഞ്ഞ 30 വർഷങ്ങളായി സമാധാനകാംക്ഷികളായ പല വൈദികരും അത്മായരും ചിന്തിച്ചിരുന്ന ആശയങ്ങൾ ആ ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്.

ലോകത്തിന്റെ യുക്തിക്കനുസരിച്ച് സമാധാനം, ഐക്യം എന്നിവ അസാധ്യമാണെങ്കിലും കർത്താവിന്റെ സുവിശേഷമനുസരിച്ച് നാം മടുത്തുപോകാതെ ഐക്യത്തിനു വേണ്ടി പരിശ്രമിക്കേണ്ടതാണ്.

'പാത്രിയർക്കീസ് ഭാഗത്ത്' ഈ താൽപ്പര്യമുള്ള ആരെങ്കിലുമുണ്ടോ എന്നന്വേഷിക്കേണ്ടതാണ്. ഉണ്ടെങ്കിൽ അവരുമായി ചേർന്ന് യോജിപ്പ് ശ്രമങ്ങൾ നടത്തണം. സഭ രണ്ടായി പിളർന്നു കഴിഞ്ഞു. ഐക്യം (മിക്കവാറും) അസാദ്ധ്യമാണ് എന്ന് ബുദ്ധികൊണ്ട് മനസ്സിലാക്കുന്നുണ്ടെങ്കിലും, മനസ്സുകൊണ്ടും ആത്മാവുകൊണ്ടും മലങ്കരസഭയെ ഇപ്പോഴും ഒന്നായിക്കാണുന്ന ഒരു വ്യക്തിയാണ് ഞാൻ. ഒരു സമയത്ത്, എനിക്ക് ലഭിച്ച എളിയ സാഹചര്യങ്ങളൊക്കെ ഏക സഭ എന്ന ലക്ഷ്യത്തിനു വേണ്ടി ഞാൻ സർവ്വപ്രകാരേണയും ഉപയോഗിച്ചിട്ടുണ്ട്. ആത്മീയാദർശങ്ങളൊക്കെ മാറ്റിവച്ചാലും സഭ ഒന്നാകുന്നത് ഇരു കൂട്ടരുടെയും ഭാവിയ്ക്ക് വളരെ നല്ലതാണ് എന്ന പ്രായോഗിക ലോകബുദ്ധിയെങ്കിലും ഇരു കൂട്ടരും പ്രദർശിപ്പിച്ചാൽ നന്നായിരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഡോ. കെ. എം. ജോർജ്**
പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം

# തിരുവനന്തപുരം കൊണ്ടു തീരണം

തിരുവനന്തപുരത്തെ അനിഷ്ട സംഭവങ്ങൾക്കുശേഷം ഓർത്തഡോക്സുകാരുടെ വീര്യവും മാർക്കറ്റ് വിലയും ഏറെ ഉയർന്നിട്ടുണ്ട്.

അലമ്പു കാണിക്കുവാൻ തങ്ങളും ബാവാ കക്ഷികളുടെ പിന്നിലല്ല എന്നു സർക്കാരും രാഷ്ട്രീയക്കാരും മനസ്സിലാക്കിയതും ഗുണം ചെയ്യും ഇനി ശ്രേഷ്ഠന്റെ വിരട്ടിൽ വീഴുന്നതിനു മുമ്പ് അച്ചുമാമനും കൂട്ടരും ഒ ന്നാലോചിക്കും തീർച്ച.

എന്തായാലും ഇടതു മുന്നണി സർക്കാരിന്റെ സ്വന്തം ആളുകൾ നമ്മു ടെ സഭയിൽ ഉണ്ടായിരുന്നിട്ടും അവർക്കൊന്നും ഒരു റോളും കിട്ടാതെ പോയതു കഷ്ടം തന്നെ. സ്വാശ്രയ കോളജു വിഷയത്തിലൊക്കെയും ന മ്മൾ മറ്റു ക്രിസ്ത്യാനികളെയെല്ലാം ഒറ്റു കൊടുത്തുകൊണ്ട് സർക്കാരിനു വേണ്ടി പ്രസ്താവനകളിറക്കിയവരാണ്. മറ്റു സഭകളിലെ തിരുമേനിമാരെ വിളിച്ചു വരുത്തി സ്വാശ്രയക്കാര്യം പറഞ്ഞ് മുഷിപ്പിച്ചു വിട്ടവരാണ്. ഇടയലേഖനത്തിൽ ഒന്നാമനായി ഒപ്പിട്ടിട്ട് ഒന്നാമതായി പിന്തിരിഞ്ഞവരാണ്. എന്നിട്ടും ഇതൊന്നും പാർട്ടിക്കാരോ ഗവൺമെന്റോ കണ്ടതുമില്ല, കേട്ടതു മില്ല. സെമിനാരിയിൽ നിന്നിറങ്ങി വരുന്ന നമ്മുടെ അച്ചന്മാർക്ക് ബൈബിളിനേക്കാൾ അറിയാവുന്നത് മാർക്സിസ്റ്റ് തത്വശാസ്ത്രമാണ്. നമ്മുടെ പഴയകാല നേതാക്കന്മാരൊക്കെ പിൻതിരിപ്പന്മാരും കൊള്ളരുതാത്തവരും ആണെന്നു പുസ്തകമെഴുതിയവരെ സ്വീകരിച്ച് അകത്ത് പരവതാനി വിരിക്കുന്നവരാണ്. പക്ഷേ, ഇതൊന്നും നേതാക്കന്മാരോർത്തില്ലേ?

വേണ്ട, കഴിഞ്ഞ തെരഞ്ഞെടുപ്പിലെ വടക്കൻ വീരഗാഥ നാമെല്ലാവരും പെട്ടെന്നു മറന്നു പോയോ. നമ്മുടെ സ്വന്തം എം. ഒ. ജോണച്ചന്റെ സ്വന്തം പത്രത്തിൽ വടക്കുള്ള നമ്മുടെ സഭാംഗങ്ങൾ ചെയ്ത വീരഗാഥയെപ്പറ്റി വിശദമായി എഴുതിയതു മറന്നുപോയോ? എറണാകുളം ജില്ലയിൽ ജയിച്ചവരെല്ലാം ഓർത്തഡോക്സുകാരാണെന്നും അവരെ ജയിപ്പിച്ചതു ഓർത്തഡോക്സുകാരാണെന്നും തെക്കുള്ളവർ അത്രയ്ക്കു വേണ്ടപോലെ ചെയ്തില്ലെന്നും അതുകൊണ്ടാണ് ചില യു.ഡി.എഫുകാർ ജയിച്ചതെന്നുമായിരുന്നു ആ ഗവേഷണ പഠനത്തിന്റെ പൊരുൾ. ആ കണ്ടെത്തൽ അൽമായവേദിക്കാർ ആഘോഷപൂർവം പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഈ ജയിച്ചവരും ജയിപ്പിച്ചവരും ഇപ്പോൾ എവിടെയാണോ ആവോ?

കഴിഞ്ഞ യു.ഡി.എഫ് സർക്കാർ ഓർത്തഡോക്സ് വിരുദ്ധരായിരുന്നു എന്ന് അന്നു പ്രചരിപ്പിച്ചു. ഇന്നത്തെ സർക്കാർ ഓർത്തഡോക്സ് ദ്രോഹികളാണെന്ന് ഇനി പ്രചരിപ്പിച്ചു തുടങ്ങാം. അങ്ങനെ ഭരിക്കുന്നവരെയെല്ലാം വെറുപ്പിച്ചുകൊണ്ട് നമ്മൾക്ക് നമ്മുടെ സാമ്രാജ്യം കെട്ടിപ്പെടുക്കാം.

ഒരു കാര്യം നമ്മൾ മറന്നു പോവുന്നു. ഈ നാട്ടിൽ ജനസംഖ്യയുടെ പത്തു ശതമാനം പോലും വരില്ലായെങ്കിലും ഏതാനും മണ്ഡലങ്ങളിലെങ്കിലും നിർണായകമായ വോട്ടുള്ള ഓർത്തഡോക്സ്-യാക്കോബായക്കാരെ സന്ദ ർഭത്തിനനുസരിച്ച് ഇളക്കാനും വികാരം കൊള്ളിക്കാനും തമ്മിൽ തല്ലിക്കാനും പലരും വരും. രാഷ്ട്രീയക്കാർക്ക് തൽക്കാലത്തെ കാര്യം കാണുക എന്നതിലപ്പുറം യാതൊരു അജൻഡയുമില്ല. അവരുടെ പിറകേ, ഇനിയും പക്ഷം പിടിക്കാൻ പോവാതെ, സഹോദരങ്ങൾ തമ്മിലുള്ള തർക്കം ഇനിയെങ്കിലും പെരുവഴിയിലേക്ക് വിടാതെ നോക്കുക.

**– സമാധാനി**

# അർദ്ധരാത്രിക്ക് അഞ്ചുമിനിറ്റുകൾ

ലോകത്തിന്റെ സർവ്വനാശത്തിന് ഇനി അഞ്ചു മിനിറ്റു മാത്രം എന്നാണു പ്രതീകാത്മകമായി ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നത്. പ്രകൃതിയിലേക്കുള്ള മനുഷ്യന്റെ അനധികൃതമായ കൈകടത്തലും സാങ്കേതികവിദ്യയുടെ മുന്നേറ്റവുംമൂലം കാലാവസ്ഥാ വ്യൂഹങ്ങൾക്കുണ്ടാകുന്ന മാറ്റങ്ങൾ മാനവരാശിയുടെ ഉന്മൂലനത്തിനു വഴിവക്കുമെന്നു ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. അതുകൊണ്ട് അവർ സർവനാശത്തിന്റെ സമയത്തെ സൂചിപ്പിക്കുന്ന സൂചി വീണ്ടും മുന്നോട്ടാക്കി വെയ്ക്കുന്നു. സർവനാശത്തിന് ഇനി അഞ്ചു മിനിറ്റു മാത്രം.

മലങ്കരസഭയെപ്പറ്റി ചിന്തിക്കുമ്പോൾ സാധാരണക്കാരന് കിട്ടുന്ന ചിത്രവും ഇന്നു സമാനമാണ്. ഒരു വശത്ത് ആദ്ധ്യാത്മികതയുടെ പേരിലുള്ള വിവിധ സമൂഹങ്ങളുടെ കൈകടത്തലും, സാമ്പത്തികമായ മുന്നേറ്റം മൂലം സഭാനേതൃത്വത്തിൽ വരുന്നവർക്കുണ്ടാവുന്ന നിശാന്ധത സൃഷ്ടിക്കുന്ന നിഷ്ക്രിയത്വവും അർദ്ധരാത്രിക്കുള്ള സമയം കുറയ്ക്കുന്നതായി അഥവാ നേതൃശൂന്യത ഇന്നു മലങ്കരസഭയെ സർവനാശത്തിലേക്ക് വഴി നടത്തുന്നതായി ജനം ഭയപ്പെടുന്നു.

ആധുനികലോകത്തിന്റെ പിരിമുറക്കം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ മുതലെടുക്കുന്ന പുത്തൻ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ സഭാംഗങ്ങളെ വലിയരളവോളം സ്വാധീനിച്ചിരിക്കുന്നു. ടിവിയിലും മൈതാനങ്ങളിലും പ്രത്യക്ഷപ്പെടുന്ന കുട്ടിദൈവചാത്തന്മാർ കക്ഷിഭേദമെന്യേ, സഭാമക്കളെ സ്വാധീനിക്കുന്നു. അവർ കാട്ടിക്കൊടുക്കുന്ന തോട്ടിലേക്ക് തല മുക്കുവാൻ ഇന്നലെ വരെ പാരമ്പര്യത്തിന്റെ രീതിശാസ്ത്രം പഠിപ്പിച്ചവരും കുനിഞ്ഞിറങ്ങുന്നതു കാണുമ്പോൾ മലങ്കരസഭയെ സ്നേഹിക്കുന്നവർ ആശങ്കപ്പെട്ടു പോവുന്നു.

പക്ഷേ, സാധാരണ ജനങ്ങളുടെ ഈ ആശങ്കയൊന്നും സഭാനേതൃത്വത്തിന്റെ ഉന്നത വൃത്തങ്ങളിൽ ഏശുന്നതേയില്ല. കാരണം അവർക്കറിയാവുന്നത് പണത്തിന്റെ കണക്കാണ്. പിരിവിന്റെ വരവാണ്. അത് കുറയുന്നില്ലല്ലോ. ആളുകളുടെ എണ്ണം കുറഞ്ഞാലെന്ത്? രൂപയുടെ മൂല്യവും കുറയുകയല്ലേ. അതനുസരിച്ച് ഡോളറുകളുടെ വിനിമയ നിരക്ക് ഉയരുന്നുണ്ടല്ലോ. പിന്നെന്തിനു ആശങ്കകൾ.

പക്ഷേ, സാധാരണജനങ്ങൾ സഭയെ അളക്കുന്നത് ഈ അളവുകോൽ കൊണ്ടല്ല. അവന്റെ പിതാക്കന്മാരുടെ സഭ എണ്ണത്തിലും വണ്ണത്തിലും ശോഷിക്കുന്നത് അവനെ ദുഃഖിപ്പിക്കുന്നു. സഭയിലെ ഇന്നത്തെ കക്ഷി വഴക്കുകൾ അവസരങ്ങളുടെ മുതലെടുപ്പിലൂടെ ഉണ്ടായതാണെന്ന് അവർ ക്കറിയാം. അവ അവസാനിപ്പിക്കുവാനുള്ള അവസരങ്ങൾ പല പ്രാവശ്യം ഉണ്ടായിട്ടും ഏതെല്ലാമോ ഛിദ്രശക്തികൾ അവയെല്ലാം ഊതിക്കെടുത്തുകയാണുണ്ടായത്. ഒരിക്കലും കേസുകൾ അവസാനിക്കരുതെന്ന് ആഗ്രഹിക്കുന്ന ഒരു വിഭാഗം ആൾക്കാർ കർട്ടനു പിന്നിലിരുന്നു ചരടുകൾ വലിക്കുന്നുണ്ടെന്നു വ്യക്തം.

ഇന്നു കാര്യങ്ങൾ ഏറെ സങ്കീർണ്ണമായി കഴിഞ്ഞിരിക്കുന്നു. തിരുവനന്തപുരം സംഭവത്തിനു ശേഷം മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകളും പത്രത്തിൽ വന്ന വിവിധ അഭിപ്രായങ്ങളും സഭയെ നയിക്കുന്നവരുടെ ശ്രദ്ധയിൽ പെടുന്നുണ്ടോ എന്നു തീർച്ചയില്ല. എന്നാൽ ബസിലും ട്രയിനിലും സഞ്ചരിക്കുന്ന സാധാരണക്കാരും ഓഫീസുകളിലും ഇതര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സഭാംഗങ്ങളും ഇന്ന് തങ്ങളുടെ സഭയുടെ പേര് പുറത്തു പറയാൻ ലജ്ജിക്കുകയാണ്. അതുപോലെയുള്ള പരാമർശങ്ങളും അഭിപ്രായ പ്രകടനങ്ങളുമാണ് പൊതുജനങ്ങൾ നടത്തുന്നത്. കൈമുത്തി കാര്യം കാണാൻ വരുന്ന സഭാംഗങ്ങളിൽ നിന്ന് ഈ പ്രതികരണമൊന്നും തിരുമേനിമാർ അറിയാനിടയില്ല. തങ്ങളെ മാനിക്കുന്നവരുടെ ഇടയിൽ മാത്രം കഴിയുന്നവരുടെ മനസും ബുദ്ധിയും ചെറുതായിപ്പോവുന്ന അവസ്ഥ അവരുടെ പ്രസംഗങ്ങളിലും പ്രവർത്തനങ്ങളിലും വ്യക്തമാണ്.

അതുകൊണ്ട് ഇവരെ മുൻനിർത്തി മുൻപോട്ടു പോയാൽ സഭ എത്തിച്ചേരുന്നത് സർവനാശത്തിലായിരിക്കും എന്നതിൽ സംശയമില്ല.

ഇന്നു സാധാരണക്കാർ പോലും ബൈബിളും വേദശാസ്ത്രവും വ്യക്തമായി അറിയാവുന്നവരാണ്.

ജനങ്ങളുടെ ആത്മീയ ജീവിതം ഇന്നു സഭയുടെ പുറത്തേയ്ക്ക് വളരെ വേഗം മാറിക്കൊണ്ടിരിക്കുകയാണ്. ശീലത്തിന്റെയും പാരമ്പര്യത്തിന്റെയും പേരിൽ പള്ളിയിൽ വരുന്നവരിൽ പോലും ഇതര സമൂഹങ്ങളിൽ ആത്മീയാന്വേഷണവും അനുഭവവും അന്വേഷിക്കുന്നവർ ധാരാളമുണ്ട്.

യഥാർത്ഥ പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ശക്തി ജനങ്ങളിലേക്ക് എത്തിക്കുവാൻ കഴിവും ചുമതലയും ഉള്ളവർ വ്യവഹാരങ്ങൾക്കും തെ രുവു സർക്കസിനും വേണ്ടി തങ്ങളുടെ കഴിവുകൾ നശിപ്പിക്കുമ്പോൾ നശിച്ചു പോവുന്നത് ജനങ്ങളുടെ വിശ്വാസവും സഭയുടെ ചൈതന്യവുമാണ്.

ഇല്ല, യോജിപ്പിനെപ്പറ്റി തൽക്കാലം പറയുന്നില്ല. യോജിപ്പിനെ എതിർക്കുന്ന പൈശാചികശക്തികൾ താൽക്കാലികമായി വിജയിക്കട്ടെ. പക്ഷേ ദൈവത്തിന്റെ ആത്മാവു പ്രവർത്തിക്കുവാൻ നമുക്കു പ്രാർത്ഥിക്കാം. വിട്ടുവീഴ്ചകൾക്കുള്ള പ്രേരണകൾ നേതൃത്വത്തിനു ലഭിക്കുമെന്നും പ്രത്യാശിക്കാം. ഈ ചെറിയ ആട്ടിൻകൂട്ടത്തെ സർവനാശത്തിൽ നിന്നു രക്ഷപെടുത്താൻ വലിയ ഇടയൻ ഉറപ്പായും അർദ്ധരാത്രിക്കു മുൻപു വന്നെത്താതിരിക്കില്ല എന്നു നമുക്കു വിശ്വസിക്കാം.

**- സഭാ വിചാരവേദി**

# സംഹാരമൂർത്തികൾ എവിടെയും; ശാസ്താംകോട്ടയിലും

ജോസ് കെ. തോമസ്, തറയിൽ, കുളനട

പരിസ്ഥിതിയെ സംഹരിക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുന്നവർ എല്ലായിടവുമുണ്ട്. ചെയ്യുന്നതെന്താണെന്നറിയാതെ പ്രകൃതിയെ നശിപ്പിക്കുന്ന ഒരു വിഭാഗം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലുമുണ്ട്. ചൊട്ട മുതൽ ചുടല വരെയുള്ള സകല ആഘോഷങ്ങളിലും സഭാംഗങ്ങളുടെ മുഖ്യപരിപാടി പരിസ്ഥിതിയെ നശിപ്പിക്കുക എന്നതാണ്. മനഃപൂർവവും അല്ലാതെയും ഇതു നിർബാധം തുടരുന്നു.

ഏറ്റവും ഒടുവിൽ ഇതു കാണാൻ കഴിഞ്ഞത് ശാസ്താംകോട്ടയിലാണ്. വൈദികശുശ്രൂഷ തുടങ്ങുന്നതിനു മുൻപു തന്നെ പ്രകൃതിയുമായി ഏറ്റവും ഇണങ്ങി ജീവിച്ച, കാലം ചെയ്ത പരിശുദ്ധ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ഒന്നാം ഓർമ്മപ്പെരുന്നാൾ ശാസ്താംകോട്ട മൗണ്ട് ഹോറേബ് മാർ ഏലിയാ ചാപ്പലിൽ 'ആഘോഷപൂർവ്വം' ആചരിക്കുകയുണ്ടായി. അന്ന് അവിടെ നടന്ന കാഴ്ച പരിസ്ഥിതിയെ സ്നേഹിക്കുന്ന ആരേയും വേദനിപ്പിക്കുന്നതായിരുന്നു. കേരളത്തിലെ ഏറ്റവും വലിയതും നിർമ്മലവുമായ പ്രകൃതിദത്ത ജലസ്രോതസ്സായ ശാസ്താംകോട്ട കായലിനോടു ചേർന്ന നിർമ്മലമായ ഒരു ഭൂപ്രദേശം നിർമ്മലനായ ഒരു താപസശ്രേഷ്ഠൻ അന്ത്യവിശ്രമത്തിനായി തെരഞ്ഞെടുത്തതിൽ അതിശയിക്കേണ്ടതില്ല. എന്നാൽ നിർമ്മലത ഏഴയലത്തുകൂടി പോയിട്ടില്ലാത്ത കുറേ 'ഭക്തർ' അവിടെ എത്തി കാട്ടിക്കൂട്ടിയ കോപ്രായവും അങ്ങനെ സംഭവിക്കാൻ വേണ്ടതു ചെയ്തുകൊടുത്ത സഭാനേതൃത്വവും അക്ഷന്തവ്യമായ തെറ്റാണ് കാട്ടിയിരിക്കുന്നത്. വിശുദ്ധ കുർബാനായ്ക്കു ശേഷം കബറിങ്കലെ പ്രാർത്ഥന പൂർത്തിയാക്കുന്നതിനു മുൻപു തന്നെ വിതരണം തുടങ്ങിയ നേർച്ച സദ്യയ്ക്കു വേണ്ടി 'ഭക്തർ' കെട്ടിമറിയാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. പ്ലാസ്റ്റിക് പെട്ടികളിൽ അടക്കം ചെയ്ത നേർച്ചയും പായസവും നെയ്യപ്പവും ഇവയെല്ലാം കൂടി സർക്കാർ നിരോധിച്ച പ്ലാസ്റ്റിക് കവറുകളിലാക്കി ആയിരുന്നു വിതരണം. ഇവ കൈക്കലാക്കാനും കൈയിലൊതുങ്ങാത്ത വിധം കൈക്കലാക്കിയതു നഷ്ടപ്പെടാതിരിക്കാനുമുള്ള തത്രപ്പാടിൽ 'പ്രഥമാഭിഷേകത്തോടെ' തിക്കിലും തിരക്കിലും പെട്ട ഭക്തർ പുറത്തു ചാടി മറിയുന്നതും ഓടുന്നതും കാണാമായിരുന്നു.

ചിലരുടെ കൈയിൽ മൂന്നും നാലും പായ്ക്കറ്റുകൾ ഉണ്ടായിരുന്നു. അച്ചടക്കത്തോടെ കാത്തുനിന്നവർക്ക് ഒന്നും കിട്ടാതായി. ചിലർ വെറും കൈയോടെ പോയി. മറ്റു ചിലർ പരാതിയുമായി കാത്തുനിന്നു. അപ്പോൾ വണ്ടിയിൽ നേർച്ചയുമായി സംഘാടകർ എത്തി. മര്യാദക്കാരായി മാറി നിന്നവർ ഇത്തവണ പാതി മര്യാദ മാറ്റിവച്ച് ഇടിച്ചുകയറി. വീണ്ടും നേർച്ച തീർന്നതോടെ വിതരണം നിലച്ചു. ഏറ്റവും ഒടുവിൽ നിറം ചേർത്ത ചോറ് മാത്രമായി വണ്ടി എത്തി. കാത്തുനിന്ന മുഴുവൻ പേരും അച്ചടക്കം മാറ്റിവച്ച് ഇടിച്ചുകയറുവാൻ തുടങ്ങി.

ഈ ബഹളത്തിനു ശേഷം മനോഹരമായ ആ ഭൂപ്രദേശം മുഴുവൻ പ്ലാസ്റ്റിക്കിന്റെ ശവപ്പറമ്പായി മാറി. ഇവയെല്ലാം ശാസ്താംകോട്ട ശുദ്ധജല തടാകത്തിലും എത്തിയിരിക്കുമോ? ആവോ! ആർക്കറിയാം!!!

'മാമ്മോദീസാ ആഘോഷം' മുതൽ 'ശവസംസ്കാരാഘോഷം' വരെ എല്ലാ പരിപാടികളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നു. ശോശപ്പാ എന്ന ഒരു പുതിയ കണ്ടുപിടിത്തത്തോടെ ശവത്തിനു പോലും സ്വസ്ഥമായി മണ്ണിനോടു ചേരുവാൻ പറ്റാത്ത അവസ്ഥയായി. സൗകര്യമുണ്ടല്ലോ; മടക്കി കക്ഷത്തിലോ, ബാഗിലോ, മടിയിലോ വച്ചു ഈ ഭൂമിമലയാളത്തിൽ എവിടെ വേണമെങ്കിലും പോകാമല്ലോ എന്ന കാര്യം മാത്രമേ ഈ കൂട്ടർ ചിന്തിക്കുന്നുള്ളു. സംസ്കാരത്തിനു ശേഷം (ചിലപ്പോൾ അതിനു മുൻപും) നൽകുന്ന പൊതിയും കൂടെ നൽകുന്ന 'ഡ്രിങ്ക്സും' ഈ ഭൂമിയിൽ പ്ലാസ്റ്റിക് പറുദീസ സൃഷ്ടിക്കുന്ന ചടങ്ങുകളാണ്.

ഇടവക മെത്രാപ്പോലീത്താമാരും അച്ചന്മാരും ആത്മാർത്ഥമായി വിചാരിച്ചാൽ ഈ ലോക വിപത്തിനെ ഇല്ലാതാക്കാൻ ഒട്ടും പ്രയാസമുണ്ടാവില്ല. പരിസ്ഥിതി സ്നേഹികളായ ഇവരൊക്കെ പങ്കെടുക്കുന്ന ചടങ്ങുകളിൽ പ്ലാസ്റ്റിക്കിന്റെ ദുരുപയോഗത്തെക്കുറിച്ചും അവ സൃഷ്ടിക്കുന്ന മാരണത്തെക്കുറിച്ചും സംസാരിക്കുകയും ഇതിനെതിരെ ശബ്ദമുയർത്താൻ മടിക്കാതിരിക്കുകയും ചെയ്താൽ മാത്രം മതി. പെരുന്നാളുകളിൽ ഒരു പ്രദേശം മുഴുവൻ മൈക്കു കെട്ടി സൃഷ്ടിക്കുന്ന ശബ്ദശല്യം മൂലം വിശുദ്ധകുർബാനയോടുള്ള ആദരവു പോലും മറ്റുള്ളവർക്ക് ഇല്ലാതാകുന്നതിനും മറ്റുമെതിരെ പ്രവർത്തിക്കാൻ കഴിയുന്ന മേലദ്ധ്യക്ഷന്മാർ, തങ്ങളെ ബഹിഷ്കരിക്കുമോ എന്ന ആശങ്കയിൽ മിണ്ടാതിരിക്കുന്നതാണ് ഈ വിപത്തുകൾ ഇങ്ങനെ വളരാൻ കാരണം.

വിവരമില്ലാത്തവരുടെ കൂടെ കൂടാതെ അവർക്കു വേണ്ട അറിവു നൽകാനാണ് സഭാനേതൃത്വം ശ്രമിക്കേണ്ടത്. അപ്പോൾ മാത്രമേ നമ്മുടെ ഓർമ്മപ്പെരുന്നാളുകൾക്കും ചടങ്ങുകൾക്കും അർത്ഥം കൈവരിക്കാൻ കഴിയൂ. അല്ലെങ്കിൽ ഇവയെല്ലാം വെറും കോപ്രായങ്ങൾ എന്നു വരുംതലമുറ വിധിയെഴുതും. സംശയമില്ല.

# പി. സി. യോഹന്നാൻ റമ്പാന്റെ 'നിക്ഷിപ്ത താല്പര്യങ്ങൾ'?

## ടി. പി. ഫിലിപ്പോസ് തറക്കുന്നേൽ

"പാമ്പാടി കോളജിലെ പ്രൊഫസർമാർ സഭാ സ്നേഹികളാണ്. സഭയോട് ആത്മാർത്ഥതയുണ്ട്. കഴിവുണ്ട്. പക്ഷേ, ബഹു. യോഹന്നാൻ റമ്പാന്റെ താല്പര്യം സംരക്ഷിക്കാതെ അവിടെ എങ്ങനെ ജോലി ചെയ്യും."

മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അത്മായവേദി പ്രസിഡന്റ് എഴുതിയ ലേഖനത്തിൽ നിന്നാണ് ഈ ഉദ്ധരണി. ഇങ്ങനെ ചില സംശയങ്ങൾ പലരും പ്രചരിപ്പിക്കുന്നുണ്ട്. പാമ്പാടിയിലെ യോഹന്നാൻ റമ്പാച്ചന്റെ താല്പര്യങ്ങൾ സഭയുടെ താല്പര്യങ്ങൾക്ക് യോജിച്ചതല്ല എന്നാണല്ലോ ഇതിന്റെ സൂചന. അത് തീർച്ചയായും അന്വേഷണവും പഠനവും അർഹിക്കുന്ന ആരോപണമാണ്. പാമ്പാടി റമ്പാച്ചൻ എന്നറിയപ്പെടുന്ന യോഹന്നാൻ റമ്പാച്ചന്റെ നിക്ഷിപ്ത താല്പര്യങ്ങളെപ്പറ്റി സഭാംഗങ്ങൾ അറിയേണ്ടതുണ്ട്. അവ നമുക്കു പരിശോധിക്കാം.

### പാമ്പാടി ദയറായും പൊത്തൻപുറവും

ബഹു. യോഹന്നാൻ റമ്പാച്ചൻ ബാല്യകാലം മുതൽ തന്നെ പാമ്പാടി തിരുമേനിയുടെ കൂടെ കഴിയുവാൻ അവസരം ലഭിച്ചയാളാണ് എന്നത് എല്ലാവർക്കും അറിയാമല്ലോ. പാമ്പാടി ടൗണിൽ നിന്നും മനോരമ പത്രം പൊത്തൻപുറം കുന്നിൻമുകളിൽ എത്തിച്ചു കൊടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ആദ്യ ദൗത്യം എന്ന് അന്നുമുതൽ എല്ലാക്കാലവും അറിയുന്ന ഐക്കരപ്പടവിൽ അച്ചൻ ഓർക്കുന്നുണ്ട്. ഇവിടെ നമുക്ക് റമ്പാച്ചന്റെ ആദ്യ നിക്ഷിപ്ത താല്പര്യം കണ്ടെത്താം. ഇന്നു പലരും ആരോപിക്കുന്ന ഉചാ-മ-റ സഖ്യത്തിന്റെ പ്രാരംഭ പ്രവർത്തനം ആയിരുന്നിരിക്കണം അത്. മനോരമയുമായി നടത്തിയ ഒരു ഗൂഢാലോചന ആയിരിക്കാം.

എന്തായാലും പത്രവുമായി വന്ന പയ്യൻ തിരുമേനിയുടെ താല്പര്യത്താൽ സ്കൂളിൽ പോകുന്നത് ദയറായിൽ നിന്നാക്കേണ്ടി വന്നു. വെളുപ്പിന് നാലു മണിക്ക് എഴുന്നേറ്റ് ദീർഘമായ നിഷ്ഠപ്രകാരമുള്ള നമസ്കാരത്തോടെ തുടങ്ങുന്ന ദയറായിലെ ദിവസം മുഴുവൻ പ്രവർത്തനങ്ങളുടെയും പ്രാർത്ഥനയുടെയും നിറവിൽ ആയിരിക്കും. അതിനിടെ സ്കൂളിൽ പോകുന്ന പയ്യന് ഗൃഹപാഠം ചെയ്യുവാനോ വേണ്ടപോലെ പാഠഭാഗങ്ങൾ പഠിക്കുവാനോ പോലും സമയം ലഭിച്ചിരുന്നില്ല. അക്കാര്യത്തിനു പലപ്പോഴും സ്കൂളിൽ ശിക്ഷിക്കപ്പെട്ടിരുന്നത് റമ്പാച്ചന്റെ സഹപാഠിയായ കോതാനിൽ കുഞ്ഞമ്മ ഓർക്കുന്നു. ഈ ക്ലേശങ്ങളിലൂടെ ദയറാ ജീവിതത്തിലേക്കുള്ള പടികൾ ചവിട്ടിക്കയറിയ റമ്പാച്ചൻ ഏതു സമയത്തും തന്റെ ഗുരുവിനൊപ്പമുണ്ടായിരുന്നു. പാമ്പാടി തിരുമേനിയുടെ കാലശേഷം പാറേട്ടു തിരുമേനിയുടെ കാലത്തും അദ്ദേഹത്തിന്റെ ആ സപര്യ തുടർന്നു. വാർദ്ധക്യത്തിന്റെ ക്ലേശങ്ങളിൽ ഈ തിരുമേനിമാർക്ക് ഒപ്പം നിൽക്കുവാനും അവരെ എല്ലാവിധത്തിലും പരിചരിക്കുവാൻ കഴിഞ്ഞതും ഒരു ഹോംനേഴ്സിന്റെയും സഹായം കൂടാതെ അവരുടെ എല്ലാ കാര്യങ്ങളും നിർവഹിക്കുവാൻ കഴിഞ്ഞതും തന്റെ ഭാഗ്യവും അനുഗ്രഹവുമായി റമ്പാച്ചൻ ഇന്നു വിലയിരുത്തുന്നു. എങ്കിലും നമുക്കിതിനെ അദ്ദേഹത്തിന്റെ നിക്ഷിപ്ത താല്പര്യത്തിൽ ഉൾപ്പെടുത്താം. കാരണം, അദ്ദേഹം അവരെ ഇങ്ങനെ സ്നേഹിച്ചതുകൊണ്ടാണല്ലോ എല്ലാ ദിവസവും തങ്ങളുടെ കബറിടങ്ങളിൽ റമ്പാച്ചൻ തന്നെ അദ്ദേഹത്തിന്റെ ആയുഷ്കാലം മുഴുവൻ ധൂപാർപ്പണം നടത്തണമെന്ന് അവർ ആഗ്രഹം പ്രകടിപ്പിച്ചതും റമ്പാച്ചൻ ഇന്നും അനുസരിക്കുന്നതും.

### പൊത്തൻപുറത്തെ സ്ഥലം സഭയുടേതാവുന്നു

പാമ്പാടി തിരുമേനി, മഠത്തിലാശാൻ നൽകിയ 12 ഏക്കർ സ്ഥലത്തിനു പ്രതിഫലമായി നൽകിയത് ഗുരുദക്ഷിണയെന്നോണം ഇരുനൂറു രൂപ മാത്രമാണ്. ഇന്ന് നമുക്കറിയാം, ഈ സ്ഥലത്തിനു കോടികളുടെ മൂല്യമല്ല ഉള്ളതെന്ന്. പ. പാമ്പാടി തിരുമേനിയുടെ പ്രാർത്ഥനയും യോഹന്നാൻ റമ്പാച്ചന്റെ ഭാവനാപൂർണമായ കാര്യസ്ഥതയുമാണു ദയറായിലെ ഇന്നത്തെ വെളിച്ചത്തിനു പിന്നിലുള്ളതെന്ന് ഏവരും സമ്മതിക്കുന്നു. തനിക്കു ലഭിച്ച സ്ഥലം ദൈവം തന്നതാണെന്നും തന്റെ കാലശേഷം അതിന്റെ ഉടമസ്ഥാവകാശം മലങ്കര സുറിയാനിസഭയ്ക്ക് ആയിരിക്കണം എന്നും തിരുമേനി എപ്പോഴും പറയുമായിരുന്നു.

വാർദ്ധക്യത്തിൽ തിരുമേനിയുടെ ഓർമ്മയും ബുദ്ധിയും മങ്ങിയ കാലഘട്ടത്തിൽ മറ്റു പല ആലോചനകളും പല ഭാഗത്തുനിന്നും ഉണ്ടായെങ്കിലും യോഹന്നാൻ അച്ചൻ തിരുമേനിയുടെ ആഗ്രഹം നടപ്പിലാക്കുന്നതിനു വേണ്ടി പരിശ്രമിച്ചതിന്റെ ഫലമായി സ്വത്തുക്കൾ പൂർണ്ണമായും സഭയുടെ ഉടമസ്ഥതയിൽ ആവുകയും ചെയ്തു.

തിരുമേനിയിൽനിന്നും പഠിച്ച ഈ പാഠം മറന്ന് റമ്പാച്ചൻ ഒരിക്കലും പ്രവർത്തിച്ചിട്ടില്ല എന്നു നമുക്കു കാണാം. പൊത്തൻപുറത്ത് സ്ഥാപിക്കപ്പെടുന്ന സ്ഥാപനങ്ങളെല്ലാം സഭയുടെ സ്ഥാപനങ്ങൾ തന്നെയാണ്. റമ്പാച്ചൻ അവയുടെ കാര്യസ്ഥൻ (മാനേജർ) മാത്രമാണ്. സ്ഥാപകൻ എന്ന നിലയിൽ അദ്ദേഹത്തിൽ വന്നു ചേരുന്ന ഭാരിച്ച ഉത്തരവാദിത്തങ്ങളെയാണ് അധികാര പ്രമത്തതയായി പലരും ചിത്രീകരിക്കുന്നത്.

### അഭയഭവനിലെയും ബാലഭവനിലെയും താല്പര്യങ്ങൾ

സാധുജനങ്ങൾക്കായി തന്റെ ജീവിതം തന്നെ സമർപ്പിച്ച പ. പാമ്പാടി തിരുമേനിയുടെ ആഗ്രഹങ്ങൾക്കനുസരിച്ച് സ്ഥാപിക്കപ്പെട്ട അഭയഭവനും ബാലഭവനും ഇങ്ങോട്ട് ഒന്നും തരുവാനില്ലാത്ത അനേകർക്ക് ആശ്വാസം കൊടുക്കുന്നത് റമ്പാച്ചന്റെ നിക്ഷിപ്ത താല്പര്യം കൊണ്ടല്ലേ? കാൽക്കാശിനു പ്രയോജനമില്ലാത്ത ഇവരെ സഭ സംരക്ഷിക്കേണ്ടതുണ്ടോ? വല്ല ഗൾഫ് അച്ചായന്മാർക്കും അമ്മച്ചിമാർക്കും വാർദ്ധക്യ കാലത്ത് കഴിയാനുള്ള പെയ്ഡ് വൃദ്ധമന്ദിരങ്ങൾ ഉണ്ടാക്കിയിരുന്നെങ്കിൽ അതല്ലായിരുന്നോ സഭയ്ക്ക് അന്തസ് എന്നു ന്യായമായും ചോദിക്കാവുന്നതാണ്.

### പാമ്പാടി കോളജ്

മലങ്കരസഭയ്ക്ക് എത്ര കോളജുകൾ ഉണ്ട് എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തേണ്ടത് ഇവിടെ ആവശ്യമായി വരുന്നു. ഒന്ന് - പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്. അത് മാർ പീലക്സിനോസ് തിരുമേനി സ്ഥാപിച്ച് സഭയ്ക്കു നൽകി. രണ്ട് - ബസേലിയോസ് കോളജ്. അത് സഭയ്ക്കുണ്ടായിരുന്ന സ്ഥലത്ത് സഭയുടെ ചെലവിൽ സ്ഥാപിക്കപ്പെട്ടത്. മൂന്നാമത്തേതോ? പല കോളജുകളുടെയും പേര് നമുക്ക് നാവിൽ വരുന്നുണ്ടാവും. എന്നാൽ സഭയുടെ പേരിലും നിയന്ത്രണത്തിലുമുള്ള പിന്നീടുണ്ടായ ഏക കോളജ് പാമ്പാടി കോളജ് മാത്രമാണ്. ഈ കോളജിനുള്ള സ്ഥലം വാങ്ങുന്നതും കെട്ടിടങ്ങൾ സ്ഥാപിക്കുന്നതും അഫിലിയേഷൻ നേടുന്നതും റമ്പാച്ചന്റെ നേതൃത്വത്തിലും ഉത്സാഹത്തിലുമാണ്. ഇന്നു മറ്റു പല സ്ഥലങ്ങളിലും ഉള്ളതുപോലെ ഒരു ട്രസ്റ്റ് ഇവിടെയും രൂപീകരിക്കുവാൻ അന്നു യാതൊരു വിലക്കുമില്ലായിരുന്നു. സഭയുടെ സ്ഥാപനങ്ങൾ സഭയുടെ പേരിലും നിയന്ത്രണത്തിലുമായിരിക്കണം എന്നു നിർബന്ധബുദ്ധിക്കാരനായ നിക്ഷിപ്ത താല്പര്യക്കാരൻ യോഹന്നാൻ റമ്പാച്ചൻ ഇവിടെയും നിഷ്കർഷിച്ചു.

### ബി. എം. എം. സ്കൂൾ

ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ പ്രസക്തിയും പ്രചാരവും സമൂഹത്തിൽ വളരുന്നത് സഭയിലെ വിദ്യാഭ്യാസ വിചക്ഷണന്മാരൊക്കെ മനസിലാക്കുന്നതിനു മുൻപേ തന്നെ സാമാന്യ വിദ്യാഭ്യാസം മാത്രമുള്ള റമ്പാച്ചൻ മനസ്സിലാക്കി. അദ്ദേഹം സ്വന്തം പരിശ്രമം കൊണ്ട് ആരംഭിച്ചതും ഇപ്പോൾ ഏറ്റവും നല്ല നിലയിൽ നടന്നു വരുന്നതുമായ ഈ സ്ഥാപനവും പക്ഷേ സ്വന്തം പേരിലാക്കണമെന്ന് അദ്ദേഹത്തിനു തോന്നിയില്ല. സഭയുടെ സ്ഥാപനങ്ങൾ സഭയുടേതായിരിക്കണം എന്ന കാര്യത്തിലുള്ള താല്പര്യത്തിൽനിന്ന് അദ്ദേഹത്തെ പിൻതിരിപ്പിക്കാനാവാത്തതു തന്നെ കാരണം.

### കാരാപ്പുഴ ചാപ്പൽ

പാമ്പാടി തിരുമേനിയുടെ സ്വന്തം പേരിലായിരുന്നു കാരാപ്പുഴ ചാപ്പൽ. ഇന്നത്തെ മാർ ഗ്രീഗോറിയോസ് പള്ളി. തിരുമേനിയുടെ കാലശേഷമെങ്കിലും അത് തന്റെ അധീനതയിലും കൈവശത്തിലുമാക്കുവാൻ ഒരു പ്രമുഖ മെത്രാപ്പോലീത്താ ആഗ്രഹിച്ചിരുന്നു. അതിനായി പാമ്പാടി തിരുമേനിയെക്കൊണ്ട് സമ്മതിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ അതും സഭയുടെ പേരിൽ എഴുതിക്കൊടുക്കുവാൻ യോഹന്നാൻ അച്ചന്റെയും സഹ പ്രവർത്തകരുടെയും സ്നേഹപൂർവമായ സമീപനം കൊണ്ട് തിരുമേനി തയാറായി. അന്ന്, പ്രസ്തുത പള്ളി ലഭിക്കാതിരുന്ന മെത്രാച്ചൻ പിന്നീട് റമ്പാച്ചന്റെയും മറ്റും ഉദ്ദേശ്യശുദ്ധി മനസ്സിലാക്കി അവരെ അക്കാര്യത്തിൽ ശ്ലാഘിച്ചു എന്നും ഇവിടെ പറയേണ്ടതുണ്ട്.

### വള്ളിക്കാട്ടു ദയറായും പീരുമേടു പള്ളിയും

ഇന്നു സഭയുടെ അഭിമാന സ്തംഭമായി വളർന്നു വരുന്ന വള്ളിക്കാട്ടു ദയറായും പീരുമേട്ടിലെ പള്ളിയും അന്യാധീനപ്പെട്ടു പോകാതെ സഭയുടേതാക്കി മാറ്റുവാൻ ഔഗേൻ മാർ ദീവന്നാസിയോസ് തിരുമേനിക്ക് ഒപ്പം ഉണ്ടായിരുന്നത് പി. സി. യോഹന്നാൻ റമ്പാച്ചനായിരുന്നു. ഇരുവരുടെയും പ്രായോഗികബുദ്ധിയും കർമ്മ വൈഭവവുമാണ് ഈ സ്ഥാപനങ്ങൾ സഭയ്ക്ക് ലഭിക്കുവാൻ ഇടയാക്കിയത് എന്ന് ഈ സ്ഥാപനങ്ങളോട് ബന്ധപ്പെട്ടു പ്രവർത്തിച്ചവർക്കും പ്രവർത്തിക്കുന്നവർക്കും ബോധ്യമുണ്ട്.

### പാറേട്ട് മാർ ഈവാനിയോസ് ആശുപത്രി

പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയുടെ കുടുംബ സ്വത്തുക്കൾ ഉപയോഗിച്ച് ആരംഭിച്ചതാണല്ലോ ഇന്നത്തെ പാറേട്ട് ആശുപത്രി. അഭിവന്ദ്യ റമ്പാച്ചന്റെ പ്രേരണയും പ്രയത്നവും അതിൽ മുഖ്യ പങ്കു വഹിച്ചു എന്നത് ആരും നിഷേധിക്കുമെന്നും തോന്നുന്നില്ല.

ഇന്നിപ്പോൾ സഭയ്ക്ക് കൈവിട്ടുപോയ ഗ്രേസി മെമ്മോറിയൽ പള്ളി ഉൾപ്പെടെയുള്ള നിരവധി പള്ളികളെയും സ്ഥാപനങ്ങളെയും കക്ഷി വഴക്ക് ആരംഭിച്ച ഘട്ടത്തിൽ സഭയോടൊപ്പം നിലനിർത്തുവാനുള്ള പ്രവർത്തനങ്ങളെല്ലാം റമ്പാച്ചന്റെ നേതൃത്വത്തിലായിരുന്നു.

അതുപോലെ ഇപ്പോഴത്തെ കക്ഷിവഴക്കുകളുടെ പ്രാരംഭ കാലഘട്ടത്തിൽ സമൂഹത്തിലും ഭരണതലത്തിലും പ്രമുഖരായ വ്യക്തികളെ കണ്ട് അവരുടെ സേവനം സഭയ്ക്ക് ഉറപ്പുവരുത്തുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയും മറ്റും പലപ്പോഴും നിയോഗിച്ചിരുന്നത് പി. സി. യോഹന്നാൻ അച്ചനെ ആയിരുന്നു. എന്നത് എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. അക്കാലത്തൊക്കെയും പ്രായോഗികമായി സഭയ്ക്ക് മുൻതൂക്കം ലഭിച്ചിരുന്നതും പ. മാത്യൂസ് പ്രഥമൻ ബാവായുടെയും മറ്റും തന്ത്രജ്ഞതകൊണ്ടും ദീർഘവീക്ഷണം കൊണ്ടുമാണെന്നും നമുക്കറിയാം. ഇപ്പോൾ സഭയുടെ താൽക്കാലിക തിരിച്ചടികൾക്കു കാരണം. അനാവശ്യ വിമർശനങ്ങൾ വഴി സഭയ്ക്ക് നന്മ ചെയ്യുവാൻ കഴിവുള്ളവരെ പിണക്കി വിടുന്നതു മൂലമാണെന്നു പലരും തിരിച്ചറിഞ്ഞു വരുന്നുവെന്നതു ശുഭോദർക്കമാണെന്ന് ഇവിടെ രേഖപ്പെടുത്തട്ടെ.

### റമ്പാൻ സ്ഥാന സ്വീകരണത്തെപ്പറ്റി

പ. മാത്യൂസ് പ്രഥമൻ ബാവായുടെ താല്പര്യത്താലാണ് റമ്പാൻ സ്ഥാനം സ്വീകരിക്കാൻ അദ്ദേഹം തയ്യാറായത്. അതിനു പിന്നിലും രസകരമായ ഒരു സംഭവമുണ്ട്.

പി. സി. യോഹന്നാൻ അച്ചന്റെ ഓടി നടന്നുള്ള പ്രവർത്തനത്തിൽ ഇന്നത്തെപ്പോലെ താല്പര്യക്കുറവുള്ള ചിലർ അദ്ദേഹത്തെപ്പറ്റി ചില ആരോപണങ്ങൾ വട്ടക്കുന്നേൽ ബാവാ തിരുമേനിയെ അറിയിക്കുന്നു. ദയറായിലെ സ്വത്തുക്കളെല്ലാം അച്ചൻ ബന്ധുക്കൾക്ക് നൽകുന്നുവെന്നായിരുന്നു മുഖ്യ പരാതി. ബാവാ തിരുമേനി ഇതേപ്പറ്റി രഹസ്യമായി അന്വേഷിക്കുവാൻ ചിലരെ നിയോഗിച്ചു – അവർ റമ്പാച്ചന്റെ ഭവന പരിസരങ്ങളിലൊക്കെ അന്വേഷിച്ചു. കുമ്മായം പോലും തേച്ചിട്ടില്ലാത്ത വീടുകളിൽ അദ്ധ്വാനിച്ചു ജീവിക്കുന്ന അച്ചന്റെ കുടുംബാംഗങ്ങളെയാണ് അവർ കണ്ടെത്തിയത്. ഈ വിവരം മനസ്സിലാക്കിയ ബാവാ തിരുമേനി യോഹന്നാൻ അച്ചനെ റമ്പാൻ സ്ഥാനം ഏൽക്കുവാൻ നിർബന്ധിക്കുകയാണുണ്ടായത്.

റമ്പാച്ചന്റെ സഭാസ്നേഹവും കർമ്മ നൈപുണ്യവും അദ്ദേഹത്തിനു പാരമ്പര്യമായി ലഭിച്ചതാണെന്നു നമുക്കു കാണുവാൻ കഴിയും. റമ്പാച്ചന്റെ പിതാമഹൻ പോരാളൂർ ഇട്ടി മുളന്തുരുത്തി സുന്നഹദോസിൽ പാമ്പാടി പള്ളിയെ പ്രതിനിധാനം ചെയ്തു പങ്കെടുത്തതായി ചരിത്ര രേഖകളിൽ കാണാം. അക്കാലത്തെ സഭാ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിന്ന വ്യക്തിയാണദ്ദേഹം. ആ പാരമ്പര്യമാണ് ആ കുടുംബത്തിൽ ഇപ്പോഴും പ്രകടമാകുന്നതും.

### വിമർശകരോട്

തീർച്ചയായും എല്ലാവർക്കും അഭിപ്രായ പ്രകടനത്തിനും വിമർശനത്തിനും അവകാശമുണ്ട്. എന്നാൽ വസ്തുതകൾ തമസ്കരിച്ചുകൊണ്ട് ആദരണീയരായ വ്യക്തികളെ അപഹസിക്കുന്നത് വ്യക്തികൾക്കല്ല, സമൂഹത്തിനാണു ദോഷം ചെയ്യുക.

ഇത്തരം വലിയ കാര്യങ്ങൾ നടത്തുവാൻ റമ്പാച്ചനു കഴിയുന്നത് തീർച്ചയായും അനേകരുടെ സഹായം കൊണ്ടാണ്, സഹകരണം കൊണ്ടാണ്. അതുകൊണ്ടു തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള അഡ്മിഷനും മറ്റും വരുമ്പോൾ പലരേയും പരിഗണിക്കേണ്ടി വരും. സഭാംഗങ്ങൾക്ക് വേണ്ടത്ര പരിഗണന കൊടുക്കാൻ സാധിക്കാതെ വരുന്ന അവസരങ്ങളും ഉണ്ടായെന്നു വരാം. അത്തരം പരീക്ഷണ ഘട്ടങ്ങളിൽ വിമർശകർക്ക് വാക്കുകൾക്ക് മൂർച്ചയേറുന്നതും മനസ്സിലാക്കാം. എന്നാൽ വികാരങ്ങൾ വിചാരങ്ങളെ പൂർണ്ണമായും ഇല്ലാതാക്കരുത്.

### ആശാ കിരണും മറ്റും

ഏറ്റവുമൊടുവിൽ ആശാകിരൺ വിവാദങ്ങളെപ്പറ്റി പറഞ്ഞ് അവസാനിപ്പിക്കാം. എയ്ഡ്സ് ബാധിച്ചു മാതാപിതാക്കൾ മരിച്ചുപോവുന്ന പിഞ്ചുകുഞ്ഞുങ്ങളെ നമ്മൾ എന്തു ചെയ്യണം? അവരെ പെരുവഴിയിൽ അലയുവാൻ വിടുവാൻ ക്രിസ്തീയ സ്നേഹം ഉള്ളിൽ അല്പമെങ്കിലും അവശേഷിക്കുന്നവർക്ക് സാധിക്കുമോ? ആ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടു പ്രശ്നങ്ങൾ ഉണ്ടായപ്പോൾ ഇതാണു റമ്പാനെ ഒതുക്കാൻ പറ്റിയ അവസരം എന്നു കരുതിയ സഭാ സ്നേഹികളെപ്പറ്റി കൂടുതൽ ഒന്നും പറയുന്നില്ല.

സന്യാസിയായ ഒരു വൈദികൻ സമൂഹത്തിനു വേണ്ടി ചെയ്യുന്ന കാര്യങ്ങൾ, തീർച്ചയായും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടല്ല. അതുകൊണ്ടു തന്നെ വിമർശനങ്ങൾ അവരെ തളർത്താറില്ല. എങ്കിലും അനാവശ്യ വിമർശനങ്ങൾക്കു പകരം ക്രിയാത്മകമായ സഹകരണം നൽകിയാൽ അവരിൽനിന്നും വളരെ കൂടുതൽ ഫലം സമൂഹത്തിനു ലഭിക്കും. റമ്പാച്ചനെ അറിയുകയും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു വലിയ സമൂഹം എവിടെയുമുണ്ട്. അവരുടെ പ്രതിനിധി എന്ന നിലയിലാണ് ഈ ലേഖനം എഴുതുന്നത്.

നന്മയെ തിന്മയായി ചിത്രീകരിക്കുന്ന ചില പരാമർശങ്ങൾ കണ്ടപ്പോൾ ഇത്രയും എഴുതി എന്നു മാത്രം.

റമ്പാച്ചന്റെ പ്രവർത്തനങ്ങളോടു നമ്മൾ കുറേക്കൂടി അനുഭാവം കാട്ടിയിരുന്നുവെങ്കിൽ പൊത്തൻപുറത്തെ ഐ. ടി. സി. ഇന്ന് ഒരു എഞ്ചിനിയറിംഗ് കോളജായി രൂപാന്തരപ്പെടുമായിരുന്നു. അതുപോലെയുള്ള വലിയ കാര്യങ്ങൾ ഇനിയും നമുക്ക് അദ്ദേഹത്തിൽ നിന്നു പ്രതീക്ഷിക്കാം. പക്ഷേ മനസ്സു മടുപ്പിക്കുന്ന പരാമർശങ്ങൾ ഏതു മുനിയേയും നിരാശപ്പെടുത്തുകയേ ഉള്ളു.

പൊത്തൻപുറത്തെ സ്ഥാപനങ്ങളുടെ ഭരണനിർവഹണം സ്വപ്നം കണ്ടുകൊണ്ടാണ് ചിലർ വിമർശന ശരങ്ങൾ എയ്യുന്നത്. അവരും അടങ്ങട്ടെ, റമ്പാച്ചൻ ചിരംജീവിയൊന്നുമല്ലല്ലോ. അദ്ദേഹം വിശ്രമജീവിതത്തിനു പോകുംവരെ കാത്തിരിക്കൂ. കുറച്ചു കാര്യങ്ങൾ കൂടി ചെയ്യാൻ അദ്ദേഹത്തെ അനുവദിക്കാം. തന്നെ ഏല്പിച്ച താലന്തുകൾ എത്രയോ മടങ്ങു വർദ്ധിപ്പിച്ച വിശ്വസ്തനായ കാര്യവിചാരകനാണദ്ദേഹം. ആ താലന്തുകൾ തന്റെ കാലശേഷവും സഭയ്ക്ക് കൈമോശം വരുവാൻ അദ്ദേഹം അനുവദിക്കില്ല. പക്ഷേ, ഇതെത്രപേരേപ്പറ്റി പറയുവാൻ കഴിയും എന്നു വിമർശകർ മറുപടി പറയട്ടെ.

"നിങ്ങൾ സഭയെ രക്ഷിയ്ക്കുകയും മറ്റുള്ളവരുടെ മുമ്പാകെ മാതൃകാപരമായി സന്മാർഗ്ഗ നിഷ്ഠയോടെ ജീവിയ്ക്കുകയും ചെയ്യണം. സഭയുടെ ചിട്ടകൾ അനുസരിച്ചു നീങ്ങണം. അങ്ങനെ ചെയ്താൽ നിങ്ങളുടെ കുടുംബവും, രാജ്യവും, സഭയും വിജയിക്കും. നിങ്ങൾ സഭയുടെ സംരക്ഷകരാണ്. നിങ്ങളുടെ അപമാനവും ബഹുമാനവും സഭയുടെ അപമാനവും ബഹുമാനവുമാണ്. നിങ്ങൾ സ്നേഹത്തോടും സന്തോഷത്തോടും ഐക്യത്തോടും പ്രവർത്തിച്ചു സഭയ്ക്ക് മഹിമ കൈവരുത്തണം."

**– പ. ബസ്സേലിയോസ്**
**ഔഗേൻ പ്രഥമൻ ബാവാ**

(1970 ഡിസംബർ 31-ാം തീയതി എം. ഡി. അസ്സോസിയേഷനിൽ ചെയ്ത അദ്ധ്യക്ഷ പ്രസംഗത്തിൽ നിന്ന്)

# ഓർത്തഡോക്സ് സഭയിലെ തിരഞ്ഞെടുപ്പും ആനുകാലിക സംഭവങ്ങളും: ഒരു അവലോകനം

ലോകത്തിലെ ഏറ്റവും വലിയ പാർലമെന്റെന്ന് നാം വിശേഷിപ്പിക്കുന്ന അസോസിയേഷൻ ചേർന്ന് ഓർത്തഡോക്സ് സഭ അടുത്ത അഞ്ചു വർഷത്തേക്കുള്ള ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിനുള്ള ഒരുക്കങ്ങളിലാണ്. സഭാ നേതൃത്വം എത്ര ഉന്നതമായ സ്ഥാനമാണ് ഈ സമിതിക്ക് നൽകിയിരിക്കുന്നതെന്ന് കാലാകാലങ്ങളിൽ ചെയ്യുന്ന പ്രസ്താവനകളിൽ നിന്നും ബോദ്ധ്യമാകുന്നതുമാണ്. പാലം കടന്നു കഴിയുമ്പോൾ ഒരു കടലാസു പുലിയായും നട്ടെല്ലിനു ചവിട്ടേൽക്കുമ്പോൾ നിവർന്നു നിൽക്കാനുപകരിക്കുന്ന ഊന്നുവടി മാത്രമായുമാണ് ഈ മഹാസമിതിയെ നേതൃത്വം വിനിയോഗിക്കുന്നതെന്നുള്ള സത്യം അറിയുന്നവർ പരിമിതമാണെന്നുള്ളതാണ് ഈ സമിതിയുടെ ഏറ്റവും വലിയ നേട്ടമായിട്ടുള്ളത്.

മാമ്മോദീസായും വിവാഹവും ആഘോഷപൂർവ്വമായ ശവസംസ്കാരവും ഒഴികെ കൂടുതലായൊന്നും സഭയിൽനിന്നു പ്രതീക്ഷിക്കാത്ത വിശ്വാസികളിൽ ഏറിയ പങ്കും സഭാകാര്യങ്ങളിൽ താല്പര്യം ഇല്ലാത്തവരും സഭയിൽ നടക്കുന്ന അന്തർനാടകങ്ങളിൽ അജ്ഞരുമാണ്. ഈ ദുഃസ്ഥിതി മുതലെടുത്തുകൊണ്ട് ചില്ലുകൊട്ടാരത്തിലിരുന്ന് ഭരണം നടത്തുന്ന ആട്ടിൻതോലണിഞ്ഞ നേതൃത്വമാണ് നമ്മുടെ സഭയെ ഇന്നു കാണുന്ന അധഃപതനത്തിലേക്കു നയിച്ചതെന്ന യാഥാർത്ഥ്യം സഭാംഗങ്ങൾ ഇനിയും കണ്ടറിയേണ്ടിയിരിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി സഭാ മാനേജിംഗ് കമ്മറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ കാണുന്ന സ്ഥാനാർത്ഥികളുടെ പെരുപ്പത്തിൽ നമ്മൾ അസന്തുഷ്ടരാണ്. എന്താണ് ഈ പെരുപ്പത്തിനു കാരണം. തിരഞ്ഞെടുപ്പു വരുമ്പോഴെങ്കിലും സഭയെപ്പറ്റിയുള്ള ചിന്തയും നമ്മുടെ ഉള്ളിൽ കനൽമൂടിക്കിടക്കുന്ന സഭാ സ്നേഹവും ഉണർത്തപ്പെടുന്നു. സഭാ ഭരണസമിതിയിൽ അംഗമായി ഇന്നത്തെ ദുഃസ്ഥിതിയിൽനിന്നും സഭയെ രക്ഷിക്കണമെന്നുള്ള (വ്യാ) മോഹമാണ് സ്ഥാനാർത്ഥികളുടെ ബാഹുല്യത്തിനുള്ള ഒരു പ്രധാന കാരണം. ഉള്ള സ്ഥാനമാനങ്ങൾ കൈവിട്ടു പോകാതെ അരക്കിട്ടുറപ്പിക്കുന്നതിന് പിൻബലം കൊടുക്കുവാൻ അച്ചാരം വാങ്ങിയിരിക്കുന്നവരെയും ഈ കൂട്ടത്തിൽ കാണാം. രാഷ്ട്രീയമായി നേട്ടം ഉണ്ടാക്കുന്നതിന് സഭയെ ഒരു ചവിട്ടുപടിയാക്കിക്കൊണ്ട് തന്റെ രാഷ്ട്രീയ ചിന്തയ്ക്ക് ഈ സഭയെ അടിയറവയ്ക്കുവാൻ പോലും സന്മനസ്സുള്ള മറ്റൊരു ചെറിയ വിഭാഗവും സ്ഥാനാർത്ഥികളുടെ ഇടയിൽ ഉണ്ട്. നമ്മുടെ സഭയെ നഖശിഖാന്തം എതിർക്കുന്നവരും രാഷ്ട്രീയ കുപ്പായം അണിഞ്ഞവരും ഒക്കെ സ്ഥാനാർത്ഥികളോടു കൂടി നടക്കുന്നതിൽനിന്നും ഈ യാഥാർത്ഥ്യം നമുക്കു ബോദ്ധ്യമാകുന്നതാണ്. വ്യക്തിതാല്പര്യങ്ങളും രാഷ്ട്രീയ താല്പര്യങ്ങളും സഭയെ കൂടുതൽ നാശത്തിലേക്കു വഴിനടത്തുമെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ടു തന്നെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന പ്രതിപുരുഷന്മാർ വളരെ കരുതലോടും പ്രാർത്ഥനയോടും കൂടി തങ്ങൾക്കു ലഭിച്ചിരിക്കുന്ന വോട്ടവകാശം വിനിയോഗിക്കേണ്ടതാണ്.

മലങ്കര ഓർത്തഡോക്സ് സഭയ്ക്കു മാത്രം ജീവനുള്ള ഒരു സെക്രട്ടറിയേറ്റും ആനുകാലിക സംഭവങ്ങൾ വിലയിരുത്തി കരുതലോടെ തീരുമാനങ്ങൾ എടുക്കാനുള്ള ഒരു നയതന്ത്രജ്ഞ സമിതിയും ഇന്നും ഇല്ല എന്നുള്ളത് ഒരു ദുഃഖസത്യമാണ്. ഒരു അലങ്കാരത്തിനുവേണ്ടി ഉണ്ടെന്നവകാശപ്പെടുന്ന ഈ കടലാസ് സമിതികൾ പോലും “കാക്കത്തമ്പുരാട്ടിമാരുടെ” കാലുപിടിക്കേണ്ട ഗതികേടിലുമാണ്.

കേരളത്തിലെ മറ്റൊരു ക്രൈസ്തവ സഭാ വിഭാഗവും മാറി മാറി വരുന്ന സർക്കാരുകളെ പ്രീണിപ്പിക്കാനും എതിർക്കാനും താല്പര്യം കാണിക്കാറില്ല. സഭയുടേതായ കാര്യങ്ങൾക്കു മാത്രമാണ് അവർ പ്രാധാന്യം കൊടുത്തുവരുന്നത്. എന്നാൽ മലങ്കര ഓർത്തഡോക്സ് സഭ കുറെകാലമായി ഇതിനൊരപവാദമായിമാറിയിരിക്കുകയാണ്. സഭാകേസുകളാണ് ഈ നയംമാറ്റത്തിനു കാരണമെന്ന് നമ്മെ പഠിപ്പിക്കുവാൻ ഇതിനു നേതൃത്വം കൊടുക്കുന്നവർ വൃഥാശ്രമവും നടത്തിവരുന്നു. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിയുന്നവരാണ് സഭാംഗങ്ങൾ എന്ന് ചിന്തിക്കുവാൻപോലും ഇവർ മിനക്കെടാറില്ല. ഈ ദുഃസ്ഥിതിക്ക് ഈ തിരഞ്ഞെടുപ്പിലൂടെ പരിഹാരം കണ്ടെത്താൻ കഴിയുമെന്നുള്ള ചിന്തയാണ് ഇത്രയേറെ സ്ഥാനാർത്ഥികളെ നമ്മുടെ മുൻപിൽ എത്തിക്കുവാൻ ഇടയാക്കിയിട്ടുള്ളത്.

ഈ അടുത്ത കാലത്തായി നടന്ന വേദനാജനകമായ സംഭവങ്ങളിലേക്ക് ഒന്ന് കണ്ണോടിച്ചാൽ ഈ സത്യം നമുക്ക് ബോദ്ധ്യമാകുന്നതാണ്.

നിരവധി പതിറ്റാണ്ടുകളായി നമ്മുടെ അധികാരത്തിലും അവകാശത്തിലും ഇരിക്കുന്ന ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ നമ്മുടെ നേതൃത്വം തന്നെ ദുഷ്ടലാക്കോടു കൂടി ചില ആഭ്യന്തര പ്രശ്നങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ഇതിന്റെ മറപിടിച്ച് സർക്കാരിലുള്ള സ്വാധീനത്തോടു കൂടി മറുപക്ഷം സെമിനാരിയിൽ കയറിപ്പറ്റുന്നതിനുള്ള നീക്കങ്ങൾ ആരംഭിച്ചു. സെമിനാരി മാനേജർ എം.ഒ.ജോൺ അച്ചനെയും സെമിനാരിയിൽ ഉണ്ടായിരുന്ന ഏതാനും അംഗങ്ങളേയും ഒരു വലിയ പോലീസ് വിഭാഗം തടവിലാക്കിക്കൊണ്ട് മറുപക്ഷത്തിന്റെ ആവശ്യം അംഗീകരിച്ചു നടപ്പിലാക്കി. നമ്മുടെ സഭയ്ക്ക് നേതൃത്വം കൊടുക്കുന്ന ചില രാഷ്ട്രീയ മാന്യന്മാർക്ക് ഇതിൽ നിന്നുണ്ടായ നാണക്കേട് പരിഹരിക്കുന്നതിനു കൈക്കൊണ്ട അനന്തരനടപടികൾ സഭയ്ക്ക് ഉണ്ടാക്കിതീർത്ത അപമാനം എങ്ങിനെ പരിഹരിക്കാമെന്നുള്ള കാര്യത്തിൽ സഭാനേതൃത്വം ഇന്നും അന്ധകാരത്തിലാണെന്ന് അനന്തര സംഭവങ്ങൾ ബോദ്ധ്യമാക്കുന്നു.

തൃക്കുന്നത്തു സെമിനാരി സംഭവത്തിൽ പ്രതിഷേധിച്ചും

നിവേദനം സമർപ്പിച്ചും ഈ നാണക്കേടിൽ നിന്നും തലയൂരാൻ നേതൃത്വം തീരുമാനമെടുത്തു.ഇതിൽ സഭാംഗങ്ങളെ പൂർണ്ണമായി വിശ്വസിക്കുവാൻ അവർ തയ്യാറല്ലായിരുന്നു. 13-ാം തീയതി ചൊവ്വാഴ്ച തിരുവനന്തപുരത്ത് "രക്തസാക്ഷി മണ്ഡപത്തിനരികിൽ" പ്രതിഷേധയോഗം അതിനുശേഷം നിവേദനം സമർപ്പിക്കലും നടത്തുന്ന കാര്യം സർക്കാരിനെയും ഈ വിവരം പത്രത്തിലൂടെ വിശ്വാസികളെയും അറിയിക്കുകയുണ്ടായി. എന്നാൽ തങ്ങൾക്കു താല്പര്യമുള്ള ഏതാനം വികാരിമാരെയും മറ്റുള്ളവരെയും ഈ കാര്യം നേരത്തെ തന്നെ കല്പനമൂലം അറിയിച്ചു. മറ്റുള്ള അവിശ്വാസികൾക്ക് 12-ാം തീയതിക്കുശേഷം കല്പന ലഭിക്കത്തക്ക വിധവും അയച്ചു കൊടുത്തു. വിശ്വസ്തർ അറിഞ്ഞും കുറെ യഥാർത്ഥ സഭാസ്നേഹികൾ കേട്ടറിഞ്ഞും രക്തസാക്ഷി മണ്ഡപത്തിൽ എത്തി. പ്രതിഷേധയോഗം നടന്നു. തുടർന്നുള്ള കാര്യത്തിൽ ആർക്കും ഉത്തരവാദിത്വമോ നേതൃത്വമോ ഇല്ലായിരുന്നു. രണ്ടു മൂന്ന് തിരുമേനിമാർ നിവേദനവുമായി സെക്രട്ടറിയേറ്റ് ഗേറ്റിൽ മാറിമാറി മുട്ടി. നമ്മുടെ തിരുമേനിമാർ നിവേദനം സമർപ്പിക്കാൻ തീരുമാനിച്ചിരുന്ന സമയത്ത് ബാവാതിരുമേനി കല്പിച്ചതു പോലെ നമ്മൾ വോട്ട് ചെയ്ത് അധികാരത്തിലേറ്റിയെന്നവകാശപ്പെടുന്ന സർക്കാർ മറുപക്ഷത്തുള്ള തിരുമേനിമാരെ ക്ഷണിച്ച് നടക്കാൻ പോകുന്ന സംഭവങ്ങൾ കാണിച്ചു കൊടുക്കുന്നതിന് ആദരപൂർവ്വം ഇരുത്തിയിരുന്നു. ഒരു കൊടിക്കമ്പുപോലും കൈവശം ഇല്ലാതെ ആവേശത്തോടെ നിന്ന ജനത്തിനിടയിലേക്ക് പതിവിൻപടി കല്ലെറിഞ്ഞു. ഒരു കെട്ടിടത്തിന് മുകളിൽ നിന്നിരുന്ന കാക്കിധാരിയാണ് കല്ലെറിഞ്ഞതെന്ന് ദൃക്സാക്ഷികൾ ആണയിട്ടു പറയുന്നു. പിന്നീട് നടന്ന സംഭവങ്ങൾ ഇവിടെ വിവരിക്കുന്നില്ല. മറുപക്ഷത്തുള്ള തിരുമേനിമാർ ഓർത്തഡോക്സ്കാരായ സഭാമക്കളെ സർക്കാർ കൈകാര്യം ചെയ്യുന്നത് മന്ത്രി മന്ദിരങ്ങളിലിരുന്ന് കണ്ട് മനം കുളിർക്കെ ആസ്വദിച്ചു. നമ്മുടെ പുരോഹിതന്മാർ ചരിത്രത്തിലാദ്യമായി തല്ലിച്ചതയ്ക്കപ്പെട്ടു. അപമാനിതരായി. തീർന്നില്ല ചില ജില്ലകളിലെ ഓർത്തഡോക്സ്കാരെ തിരഞ്ഞു പിടിച്ച് കേസെടുക്കുന്നതിന് ഉത്തരവും ഇറക്കി. സന്ദർഭവശാൽ ക്ഷുഭിതരായ ജനം മാധ്യമപ്രവർത്തകർക്ക് നേരെ തിരിഞ്ഞു. അതുകൊണ്ട് എല്ലാ മാധ്യമങ്ങളും ആവും വിധം നമ്മെ അപമാനിച്ചു. സഹോദരീസഭകളെ ശത്രുക്കളാക്കി മാറ്റുന്നതിന് കഴിഞ്ഞ അസോസിയേഷനിൽ പരുമലയിൽ തിരികൊളുത്തിയ നേതൃത്വം സമൂഹത്തെ മുഴുവൻ നമ്മുടെ ശത്രുക്കളാക്കി മാറ്റി.

ഓർത്തഡോക്സ് കേന്ദ്രങ്ങളിലെല്ലാം പ്രതിഷേധം ഇരമ്പി. തിരുവനന്തപുരത്തിന് പോയവർ സഭാസ്നേഹികളും മർദ്ദനം ഏറ്റവർ രക്തസാക്ഷികളുമായി വാഴ്ത്തപ്പെട്ടു. എന്നാൽ തിരുവനന്തപുരത്ത് പോകാൻ ആവശ്യപ്പെട്ട നേതാക്കന്മാരുടെ ശബ്ദം പോലും എങ്ങും ഇല്ലായിരുന്നു. ഒരാഴ്ച കഴിഞ്ഞ് അവർ ആഭ്യന്തരമന്ത്രിയെ മുഖം കാണിച്ച് സഭാംഗങ്ങൾ കാണിച്ച അക്രമത്തിന് മാപ്പ് അപേക്ഷിച്ചു. സഭാഗങ്ങളുടെ പേരിൽ കേസ് എടുക്കരുതെന്ന് അപേക്ഷിച്ചു.അനുഭാവപൂർവ്വം പരിഗണിക്കാമെന്ന വാഗ്ദാനവും വാങ്ങിച്ചു. രണ്ടു ദിവസം കഴിഞ്ഞ് പത്രത്തിൽ ഒരു പരസ്യപ്രസ്താവനയും. തിരുവനന്തപുരത്തിനു പോയ സഭാംഗങ്ങളിൽ ബഹുഭൂരിപക്ഷവും മദ്യപാനികളായിരുന്നു. അവർ കാട്ടികൂട്ടിയ മര്യാദകേടുകൾക്ക് ഖേദം പ്രകടിപ്പിക്കുന്നു.വരുത്തിതീർത്ത നഷ്ടം കൊടുത്തു തീർക്കാൻ സഭ ആലോചിച്ചുവരുന്നു. (നഷ്ടം നികത്തുന്നതിനുള്ള പണം വിശ്വാസികളായ മക്കൾ കൊടുക്കുന്നതിനുള്ള കല്പന ഉടനെ പ്രതീക്ഷിക്കാം). അടിയുടെയും ഏറിന്റെയും പാടുകൾ സഭാ സ്നേഹത്തിന്റെ സമ്മാനമായി കാണിച്ചു കൊണ്ട് ഒരാഴ്ച കാലം തല ഉയർത്തി നടന്ന രക്തസാക്ഷികൾ പൊത്തിലൊളിച്ചു. അവരെ മദ്യപാനികളും അക്രമികളും ആക്കി മാറ്റിക്കൊണ്ട് നമ്മുടെ നേതാക്കന്മാർ വീണ്ടും രംഗത്തു വന്നു. അവർ ചങ്കു വിരിച്ച് ചില രാഷ്ട്രീയ നേതാക്കന്മാരുടെ വീട്ടുപടിക്കൽ സഭയ്ക്കു വേണ്ടി ഇനിയും ഊഴം കാത്തു നിൽക്കുന്നു? മലങ്കരസഭയെ ലജ്ജിക്കാം. ദുഃഖിക്കാം.ഒരുകാലത്ത് ജീവനെക്കാളുപരി സഭയെ സ്നേഹിച്ച് വളർത്തിയ നേതൃത്വത്തെ ഇവർ ആക്ഷേപിച്ചപ്പോൾ പ്രതികരിക്കാൻ കഴിയാതെപോയ നമുക്ക് ഇതിൽ കവിഞ്ഞ് എന്തു സമ്മാനമാണ് ലഭിക്കേണ്ടത്. ദേവലോകത്തെ അസുരലോകമാക്കിത്തീർത്ത ഈ മഹാന്മാരിൽ നിന്നും ഇനിയും എന്തൊക്കെയാണ് നമുക്ക് ലഭിക്കുവാൻ പോകുന്നത്. കാത്തിരുന്നു കാണാം.

സഭാ മാനേജിംഗ് കമ്മിറ്റിയിലേക്ക് നേരായ മാർഗത്തിലൂടെ ഇനി തിരഞ്ഞെടുക്കപ്പെടുവാൻ സാദ്ധ്യതയില്ല എന്നു ബോധ്യമുള്ള രാഷ്ട്രീയ പ്രവർത്തകരായ ചില വ്യക്തികൾ, തങ്ങൾ സഭയുടെ മുഴുവൻ പിന്തുണയുള്ള ആളുകളാണെന്ന് തങ്ങളുടെ രാഷ്ട്രീയ യജമാനന്മാരെ ബോദ്ധ്യപ്പെടുത്തുവാനും രാഷ്ട്രീയത്തിലുള്ള തങ്ങളുടെ സ്വാധീനം ചൂണ്ടിക്കാട്ടി മാനേജിംഗ് കമ്മിറ്റിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുവാനും കാണിക്കുന്ന 'ഇരട്ട വക്രബുദ്ധി'യാണ് ഈ സംഭവങ്ങളുടെ പിന്നിലെ ഒരു കാരണം. പ്രശ്നങ്ങളുണ്ടാക്കി അരികിൽ പുറം തിരിഞ്ഞു നിൽക്കുന്ന ഇത്തരക്കാരെ ഒഴിവാക്കുക തന്നെ വേണം.

നാം ഒരുകാര്യം ചെയ്യാൻ ബാദ്ധ്യസ്ഥരാണ്. ഈ അപകടത്തിൽനിന്നും സഭയെ രക്ഷിക്കാൻ മുട്ടിപ്പായി പ്രാർത്ഥിക്കാം. രാഷ്ട്രീയ നേട്ടത്തിനല്ലാതെ സഭയ്ക്കുവേണ്ടി സഭയെ സ്നേഹിക്കുമെന്ന് ഉറപ്പുള്ള അത്മായാ വൈദിക ട്രസ്റ്റിമാരേയും മാനേജിംഗ് കമ്മറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തയയ്ക്കുവാൻ ശക്തി പകർന്നു തരുന്നതിനുവേണ്ടി പ്രാർത്ഥിക്കാം. ●

- പള്ളി ദൈവത്തിന്റെ ഭവനമാണ്. നാം പള്ളിയിൽ വിശുദ്ധിയിലും സത്യത്തിലും നീതിയിലും പ്രവർത്തിക്കണം. അപ്പോൾ ദൈവാനുഗ്രഹം ഉണ്ടാകും.
- വൈദികർ ദേവാലയത്തോടും അനുഷ്ഠാനങ്ങളോടും എപ്പോഴും ഭക്തിയുള്ളവരായിരിക്കണം.
- പള്ളിയുടെ മുതൽ ദുരുപയോഗം ചെയ്താൽ അയ്മേനിയെന്നല്ല, തിരുമേനിയായാലും ദൈവം വെറുതെ വിടുകയില്ല.
- ഓരോ വീടും ദൈവത്തിന്റെ ഭവനമാണെന്നോർത്തു കൊള്ളണം.

**– പാമ്പാടി തിരുമേനി**

# നാം മുന്നോട്ട്?

വർഷങ്ങൾക്കു മുൻപ് പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സെക്രട്ടറിയായിരുന്ന സഖറിയാ ശെമ്മാശൻ സഭാകാര്യങ്ങളിൽ അനാവശ്യമായി ഇടപെടലുകൾ നടത്തുന്നുണ്ടോ എന്ന് അന്നത്തെ സഭാസെക്രട്ടറി ഉപ്പൂട്ടിൽ കുഞ്ഞച്ചനും മറ്റും സംശയം. ഏറെ താമസിച്ചില്ല "അരമന മാനേജർ" എന്ന പേരിൽ ഒരു തസ്തിക സൃഷ്ടിച്ചു. പ്രശസ്തനായ ബഹു. തലക്കുളത്ത് ജയിക്കബ് അച്ചനെ ദേവലോകത്ത് അരമനമാനേജരായി നിയമിച്ചു. അർഹത ഇല്ലാത്തവർ അനാവശ്യമായി സഭയിൽ ഇടപെടുന്നുണ്ടോ എന്ന് അന്ന് അത്മായവൈദിക ട്രസ്റ്റിമാരും സഭാസെക്രട്ടറിയും സസൂക്ഷ്മം വീക്ഷിച്ചിരുന്നു. ഈ കാലഘട്ടങ്ങളിൽ ഔഗേൽ ബാവായും മാത്യൂസ് പ്രഥമൻ ബാവായും സഭയെ വിജയകരമായി നയിച്ചു. പ്രഗത്ഭരായ മെത്രാപ്പോലീത്താമാരെ കൊണ്ടും സ്വാർത്ഥ താല്പര്യങ്ങൾക്കതീതമായി സഭയെ സ്നേഹിച്ചിരുന്ന പുരോഹിതരെക്കൊണ്ടും അത്മായ നേതൃത്വത്തെക്കൊണ്ടും അന്ന് സഭ ധന്യമായിരുന്നു. പരാജയം ഇവർക്കു വിജയത്തിന്റെ ചവിട്ടുപടികളായിരുന്നു. ഉൾഭരണക്കാര്യങ്ങളിൽ പാറേട്ട് മാർ ഈവാനിയോസ് തിരുമേനിയും ഓർത്തഡോക്സ് സഭയെ ചക്രവാളങ്ങൾക്കപ്പുറത്ത് ആഗോള സഭാതലം വരെ ഉയർത്തിക്കാട്ടുന്നതിന് മാർ തെയോഫിലോസ് മാർ ഗ്രിഗോറിയോസ് എന്നീ തിരുമേനിമാരും വഹിച്ച പങ്ക് സഭയ്ക്ക് മറക്കുവാൻ കഴിയുന്നതല്ലെങ്കിലും ഇന്ന് അത് ഓർക്കുവാൻ ആരാണ് മിനക്കെടാറുള്ളത്?

ഈ കാലഘട്ടങ്ങളിൽ ദേവലോകത്ത് തിരുമേനിമാർ ഒന്ന് ഉറച്ചു തുമ്മിയാൽ നിമിഷങ്ങൾക്കകം നൂറുകണക്കിനു സഭാസ്നേഹികൾ വലുപ്പചെറുപ്പം കൂടാതെ അവിടെ ഓടിക്കൂടുമായിരുന്നു. ഇന്നത്തെ സ്ഥിതിയോ?

"ആടുകൾ മദ്ധ്യേ വടിയേന്തി ഇടയൻ നിലകൊള്ളുന്നല്ലോ
പേരു പറഞ്ഞു വിളിക്കുമ്പോൾ ഓരോന്നരികത്തണയുന്നു
അവയെ പാലിപ്പാനുയിരും വിമലതയേറും കുറുപ്രാവേ
വാണാലും നീണാളതിമോദം"

വർഷങ്ങൾക്കു മുൻപ് ഇതും ഇതുപോലുള്ളതുമായ ഗാനങ്ങൾ ചുണ്ടുകളിൽ തത്തിക്കളിക്കുന്ന വിശ്വാസികളാൽ സമ്പുഷ്ടമായിരുന്നു മലങ്കര സഭ.

കാലം മാറി ഡോക്ടറേറ്റുള്ള പ്രിൻസിപ്പൽ സെക്രട്ടറിമാർ പരിശുദ്ധ ബാവാമാർക്കുണ്ടായി. പിൽക്കാലത്ത് ഇവരിൽ പലരും ബാവാമാരെ ഭരിക്കുന്ന സെക്രട്ടറിമാരായി. വർക്കിംഗ് കമ്മറ്റിയും മാനേജിംഗ് കമ്മറ്റിയും ഒന്നും ഇവർക്ക് ഒന്നുമല്ലാതായി തീർന്നു. ഈ കമ്മറ്റികൾ സഭയ്ക്ക് അലങ്കാരം മാത്രമായി മാറി. സഭാ കേസിൽ നമുക്ക് അനുകൂലമായ വിധിയുണ്ടായപ്പോൾ ആ വിധി വിജയകരമായി വിനിയോഗിക്കുന്നതിനു പകരം മണർകാട്ടു പള്ളിയിലേക്ക് മാർച്ച് നടത്തുന്നതിനും 1064 പള്ളികളിലും സഭാംഗങ്ങൾക്കു കയറുന്നതിന് പോലീസ് സഹായം ആവശ്യപ്പെടുന്നതിനും ഉള്ള വഴിയാണ് ഇവർ ആലോചിച്ചത്. സഭയ്ക്ക് ഒരു കാലത്തും തീർക്കാൻ കഴിയാത്ത അപമാനം ഏറ്റുവാങ്ങാൻ ഇക്കാര്യങ്ങൾ വഴിയൊരുക്കി.

സഭാ കേസിൽ നമുക്ക് അനുകൂലമായ വിധിയുണ്ടായ ദിവസം സന്തോഷത്തോടെ ധാരാളം ആളുകൾ ദേവലോകത്ത് എത്തിച്ചേർന്നു. "മണ്ണും ചാരി നിന്നവൻ പെണ്ണിനേയുംകൊണ്ടു പോകുവാനുള്ള" തത്രപ്പാടാണ് അവിടെ കണ്ടത്. പെട്ടന്നു തട്ടിക്കൂട്ടിയ ഒരു യോഗത്തിൽ ഒരു തിരുമേനി ഇങ്ങനെ പ്രസംഗിക്കുന്നതു കേട്ടു "ഞാൻ ഡൽഹിയിൽ ആയിരുന്നു. കേസിന്റെ വാദം നടക്കുന്നതിനിടയിൽ ജഡ്ജി എന്നെ നോക്കി. ഞാൻ കൈ കാണിച്ചു. ഏതായാലും കേസ് നമുക്ക് അനുകൂലമായി. വക്കീലന്മാർക്കു വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിന് നമ്മുടെ പ്രിൻസിപ്പൽ അച്ചനും സാധിച്ചു." "ഞാനും മുതലേച്ചനും കൂടി ആടിനെ പിടിച്ചു" എന്ന ഈച്ചയുടെ പ്രഖ്യാപനം പോലെയുള്ള പ്രഖ്യാപനം കേട്ട് വിവരങ്ങൾ അറിയാവുന്ന ഒരു വക്കീൽ മൂക്കത്തു വിരൽ വച്ചു കൊണ്ടു നിൽക്കുന്നത് ഈ നിരീക്ഷകൻ നേരിൽ കണ്ടതാണ്. കുറെ കാലങ്ങളായി നമ്മുടെ സഭയെ നയിക്കുന്നത് ഇത്തരക്കാരാണ്.

ഇപ്പോൾ നമുക്കൊരു പ്രസിദ്ധീകരണമുണ്ടല്ലോ അതിൽ "നാം മുന്നോട്ട്" എന്ന സ്ഥിരം പക്തിയും. കേസുകളിൽ തോറ്റ് ഒന്നിനു പുറകെ ഒന്നായി അപമാനം ഏറ്റുവാങ്ങുമ്പോഴും തല്ലുകൊണ്ട് നെട്ടോട്ടം ഓടുമ്പോഴും അവശേഷിച്ചിരുന്ന മിത്രങ്ങളെപ്പോലും ശത്രുക്കളാക്കി മാറ്റുമ്പോഴും "നാം മുൻപോട്ട്." ഏതെങ്കിലും പ്രശ്നത്തെ ഇന്നുവരെ നമുക്ക് അനുകൂലമാക്കി മാറ്റാൻ ഇന്നുവരെ ഈ മഹാനു കഴിഞ്ഞിട്ടുണ്ടോ? 1995 -ൽ സുപ്രീംകോടതി നമുക്ക് അനുകൂലമായി കേസ് വിധിച്ചതല്ലേ. എന്തായി മേൽ നടപടികൾ. ഇതൊന്നും വിമർശനത്തിനായി പറയുന്നതല്ല ഏതാനും കാലം കൊണ്ട് ഇവർ ഈ അവസ്ഥയിൽ നമ്മുടെ സഭയെ എത്തിച്ചു. സഭാംഗങ്ങൾ ഇതൊന്നും അറിയുന്നില്ല. "നാം മുന്നോട്ട്" വായിച്ച് തൃപ്തിപ്പെടാം. നാം മുൻപോട്ട്.

നിയുക്ത കാതോലിക്കായായി അഭിവന്ദ്യ മിലിത്തിയോസ് തിരുമേനി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ സഭയ്ക്ക് ഒരുണർവുണ്ടായി. സ്വീകരണം ഇഷ്ടപ്പെടാത്ത തിരുമേനിയും സ്വീകരണത്തിരക്കിലാണ്. എന്നാൽ കാര്യങ്ങൾ കണ്ടറിഞ്ഞ് സഭയുടെ ഭരണകേന്ദ്രമായ ദേവലോകത്ത് ആഴ്ചയിൽ മൂന്നു ദിവസമെങ്കിലും താമസിച്ച് കാര്യങ്ങൾ നേർവഴിയിലാക്കുന്നതിന് സമയം കണ്ടെത്തണമെന്ന് അഭിവന്ദ്യ തിരുമേനിയോട് ഈ നിരീക്ഷകൻ അപേക്ഷിക്കുന്നു. സഭയെന്നാൽ ദേവലോകത്തെ "ചില നടത്തിപ്പുകാർ" എന്ന മട്ടിലായിരിക്കുന്നു കാര്യങ്ങൾ. നിയുക്ത ബാവായെ ദേവലോകം അരമനയിൽ കാലുറപ്പിക്കാതിരിക്കാനുള്ള നീക്കങ്ങൾ അകത്തളങ്ങളിൽ നടന്നു വരുന്നതായും പറയുന്നു.

സഭയിലെ പൊതുവായ കാര്യങ്ങൾ സിനഡ് ആലോചിച്ച് ഒറ്റക്കെട്ടായ തീരുമാനം എടുക്കണം. തീരുമാനങ്ങളിൽ ഭൂരിപക്ഷാഭിപ്രായത്തെ മാനിക്കാൻ വ്യത്യസ്തമായ അഭിപ്രായമുള്ളവരും തയ്യാറാകണം. അതതുകാലത്തെ സഭാസെക്രട്ടറിയും വൈദിക അത്മായ ട്രസ്റ്റിമാരും പ്രഗത്ഭരായ രണ്ടു തിരുമേനിമാരും ഉൾപ്പെടുന്ന ഒരു സമിതി കാര്യങ്ങൾക്കു നേതൃത്വം നൽകണം. ഭദ്രാസനങ്ങളിലും ഇതിനനുസരണമായ ഭരണക്രമീകരണങ്ങൾ ഉണ്ടാകണം "ശർക്കരക്കുടത്തിൽ കയ്യിട്ടു നക്കാൻ ശ്രമിക്കുന്ന" കാലു തിരുമ്മികളെയും പാദസേവകരെയും ദേവലോകത്തു നിന്ന് ഇറക്കിവിടണം. നമുക്ക് ഒന്ന് തിരിച്ചു വരാം. കാര്യങ്ങൾക്ക് ഒരു അടുക്കും ചിട്ടയും ഉണ്ടാക്കാം. ഇതൊന്നും ചെയ്യാതെ ഒരു പത്രത്താളിൽ "നാം മുൻപോട്ട്" എന്ന് എത്രകാലം എഴുതിയാലും നാം ഒരിഞ്ചു പോലും മുന്നേറുകയില്ല. നമ്മോടൊപ്പം ഉണ്ടായിരുന്നവർ കാതങ്ങൾ മുന്നേറുകയും ചെയ്യും. ഒരു നല്ല നാളേയ്ക്കു വേണ്ടി കാത്തിരിക്കാം.

**- നിരീക്ഷകൻ**